www.malankaralibrary.com

# കാരുണികൻ

Vol.19 No. 9 Sep. 2022

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി
## സീറോ മലബാർ

www.malankaralibrary.com

# വചനബോധി
## സീറോമലബാർ

**പത്രാധിപസമിതി**

- ഫാ. മിഖാസ് കൂട്ടുങ്കൽ (എഡിറ്റർ)
- ഫാ. മോൺസി വടകരപുത്തൻപുര
- ഫാ. ജോജോ കന്നപ്പിള്ളി

# ഉള്ളടക്കം

**സെപ്തംബർ 25**

**ഏലിയാ സ്ലീവാ മൂശെ 3-ാം ഞായർ** :57

ഉത്പ 9:8–17, മത്താ 24:29–36

- ഡോ. റോബി കൂന്താനയിൽ
- ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
- ഡോ. ഫിലിപ്പ് കാരക്കാട്ട്

**ഒക്ടോബർ 02**

**ഏലിയാ സ്ലീവാ മൂശെ 4-ാം ഞായർ** :65

ഉത്പ 41:37–45, യോഹ 12:27–36

- ഡോ. സിറിയക് വലിയകുന്നുംപുറത്ത്
- ഡോ. സി. ഗ്ലാഡിസ് CMC
- ഫാ. ഷിബു പുളിക്കൽ

**ഒക്ടോബർ 09**

**ഏലിയാ സ്ലീവാ മൂശെ 5-ാം ഞായർ** :72

പുറ 20:18–21, മത്താ 25:31–46

- ഡോ. മൈക്കിൾ കാരിമറ്റം
- ഫാ. ഷിന്റോ ശൗര്യാംകുഴി

**ഒക്ടോബർ 16**

**ഏലിയാ സ്ലീവാ മൂശെ 6-ാം ഞായർ** :76

ഉത്പ 19:23–29, ലൂക്കാ 21:20–28

- ഡോ. ലൂക്ക് തടത്തിൽ
- ഡോ. സി. ലിന്റ പുളിക്കത്തടത്തിൽ
- ഫാ. വിനീത് വാഴേക്കുടിയിൽ CMI

**ഒക്ടോബർ 23**

**ഏലിയാ സ്ലീവാ മൂശെ 7-ാം ഞായർ** :84

നിയ 11:1–7, മത്താ 10:1–15

- ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
- ഡോ. തോമസ് വടക്കേൽ
- ഫാ. സുബിൻ കിടങ്ങേൻ

www.malankaralibrary.com



## സെപ്തംബർ 24
## ഏലിയ സ്ലീവാ മൂശെ 3-ാം ഞായർ

# ഭാഷ്യം

### ഉത്പ 9:8-17, മത്താ 24:29-36

## സന്ദർഭം

സ്ലീവാക്കാലം ദൈവം നൽകിയ രക്ഷയുടെ വലിയ അടയാളമായ വിശുദ്ധ കുരിശിനെക്കുറിച്ച് നാം ധ്യാനിക്കുന്ന കാലമാണ്. രക്ഷയുടെ അടയാളങ്ങൾ നൽകി മനുഷ്യവംശത്തെ പ്രത്യാശയിലേക്ക് നയിക്കുന്ന ഒരു ദൈവത്തെയാണ് രക്ഷാകരചരിത്രത്തിൽ നാം കണ്ടുമുട്ടുന്നത്. അപ്രകാരം മനുഷ്യവംശത്തിന് ദൈവം നൽകിയ രക്ഷയുടെ അടയാളവും അതിലേക്ക് നയിച്ച ദൈവിക ഉടമ്പടിയുമാണ് ഒന്നാം വായനയുടെ പശ്ചാത്തലം. പാപം പ്രളയംപോലെ മനുഷ്യവംശത്തെ മൂടിയപ്പോൾ, തന്റെ ആദിസൃഷ്ടിയെ ഒരു ജലപ്രളയത്തിലൂടെ ഇല്ലാതാക്കി. തനിക്കായി നോഹയിലൂടെ മാറ്റി നിർത്തിയ ശിഷ്ടഭാഗത്തെ ഒരു പുതിയ സൃഷ്ടിയായി രൂപപ്പെടുത്തി. അവരുമായി ദൈവം സ്ഥാപിക്കുന്ന രക്ഷയുടെ ഉടമ്പടിയാണിത്. ദൈവ-മനുഷ്യ ഉടമ്പടി ബന്ധങ്ങളിൽ സാധാരണയായി കാണപ്പെടുന്ന ഉടമ്പടിയുടെ സ്വഭാവം ഇവിടെ കാണുന്നില്ല. ദൈവം നൽകുന്ന വാഗ്ദാനങ്ങളും മനുഷ്യർ പാലിക്കേണ്ട കടമകളും ഉടമ്പടിയുടെ പൊതുസ്വഭാവമാണ്. ഇരുകൂട്ടരും പുലർത്തേണ്ട വിശ്വസ്തത ഉടമ്പടി ബന്ധത്തിൽ സുപ്രധാനമാണ്. ഉടമ്പടിയുടെ ഈ പൊതുസ്വഭാവം ഇവിടെ ദൃശ്യമാകുന്നില്ല. ഉടമ്പടിയെക്കാൾ, ദൈവം നൽകുന്ന രക്ഷയുടെ വാഗ്ദാനമായി ഈ ദൈവിക ഇടപെടലിനെ വ്യാഖ്യാനിക്കുന്നതാണ് കൂടുതൽ യുക്തം. പാപംമൂലം നശിച്ച മനുഷ്യവംശം ജലപ്രളയത്തിലൂടെ നശിപ്പിക്കപ്പെട്ടശേഷം ദൈവം നൽകുന്ന രക്ഷയുടെ വാഗ്ദാനമാണ് ഇനിയൊരിക്കലും ജലപ്രളയത്തിലൂടെ സൃഷ്ടപ്രപഞ്ചത്തെ നശിപ്പിക്കില്ല എന്നത്. ഈ ഉടമ്പടി വാഗ്ദാനം ഉറപ്പിച്ചുകൊണ്ട് ദൈവം നൽകുന്ന രക്ഷയുടെ അടയാളമാണ് മഴവില്ല്. ദൈവം മനുഷ്യനെ ഓർക്കുന്നു എന്നതിന്റെയും മനുഷ്യൻ ദൈവത്തെ മറക്കരുത് എന്നതിന്റെയും അടയാളമാണിത്.

www.malankaralibrary.com

## സാരം

പഴയനിയമത്തിൽ ദൈവത്തിന്റെ കരുണയുടെ ഭാവം ഏറ്റവും പ്രകടമായി വെളിപ്പെടുത്തപ്പെടുന്ന വചനഭാഗങ്ങളിൽ ഒന്നാണിത്. ഇവിടെ ആവർത്തിച്ചാവർത്തിച്ച് നല്കപ്പെടുന്ന ഉറപ്പുകൾ ദൈവകരുണയുടെ ആഴം വെളിപ്പെടുത്തുന്നു. ഇനിയൊരിക്കലും മനുഷ്യവംശത്തെ ജലപ്രളയത്തിലൂടെ നശിപ്പിക്കില്ല എന്ന് ഉറപ്പ് നൽകുന്ന ദൈവം, ആ ഉടമ്പടി വാഗ്ദാനത്തിന് ഒരു വ്യവസ്ഥയും വയ്ക്കുന്നില്ല എന്നതാണ് ശ്രദ്ധേയം. വ്യവസ്ഥകളില്ലാത്ത ദൈവകരുണയുടെ വെളിപ്പെടുത്തലാണിത്. ആ വെളിപ്പെടുത്തലിന്റെ അടയാളമായി വാനമേഘങ്ങളിൽ ദൈവം സ്ഥാപിക്കുന്ന മഴവില്ല് ദൈവകരുണയുടെ അടയാളമാണ്. ജലപ്രളയത്തിനുശേഷം രൂപപ്പെടുന്ന പുതിയ സൃഷ്ട പ്രപഞ്ചം ദൈവകരുണയുടെ തണലിൽ സുരക്ഷിതമാണ് എന്ന ഓർമപ്പെടുത്തലാണ് ഈ വചനഭാഗം.

## സന്ദേശം

സമൂഹം വ്യവസ്ഥാപിതമാകുമ്പോൾ, കരുണക്കുപോലും വ്യവസ്ഥകൾ വയ്ക്കപ്പെടുന്നുണ്ട്. കരുണ കാണിക്കാൻ യോഗ്യതയുള്ള ഇടങ്ങൾ നാം തേടുമ്പോൾ, കരുണ ലഭിക്കാൻ അർഹതയുള്ളവരുടെ കണക്കെടുപ്പാണ് നടക്കുന്നത്. ഇവിടെ വ്യവസ്ഥകളില്ലാത്ത ദൈവകരുണയുടെ സ്വഭാവം നാം സ്വന്തമാക്കണം. അപ്പോഴാണ് നാമെല്ലാം ഒരു പുതിയ സൃഷ്ടിയായി മാറുക. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവകരുണയുടെ അടയാളമായി മാറണം; വ്യവസ്ഥകളില്ലാതെ, നിബന്ധനകളില്ലാതെ എല്ലാവരോടും കാരുണ്യം കാണിക്കുന്ന ദൈവകരുണയുടെ അടയാളം.

**ഡോ. റോബി കൂന്താനയിൽ**

www.malankaralibrary.com

## മത്താ 24:29-36

## സന്ദർഭം

ഈശോയുടെ പരസ്യജീവിതത്തിന്റെ രണ്ടാം ഘട്ടത്തിൽ ഓർശ്ലെം ദൈവാലയത്തിൽവച്ചുള്ള പ്രബോധനത്തിനുശേഷം, അവിടുത്തെ ശിഷ്യന്മാർ ദൈവാലയത്തിന്റെ മനോഹാരിതയെപ്പറ്റി വർണിച്ചപ്പോൾ, 'കല്ലിന്മേൽ കല്ലുശേഷിക്കാതെ എല്ലാം തകർക്കപ്പെടും'(24:2) എന്ന് അവിടുന്നു പ്രവചിച്ചു. തുടർന്ന് ഒലിവുമലയിൽ ഇരിക്കുമ്പോൾ, 'ഇത് എപ്പോഴാണ് സംഭവിക്കുന്നത്' എന്നും 'മിശിഹായുടെ രണ്ടാമത്തെ ആഗമനത്തിന്റെയും ലോകാവസാനത്തിന്റെയും അടയാളം എന്തായിരിക്കും'(24:3) എന്നും അവർ അവിടുത്തോടു ചോദിച്ചു. ഈ ചോദ്യങ്ങൾക്കുള്ള മറുപടിയാണ് മത്താ 24-25 അധ്യായങ്ങളിലെ യുഗാന്ത പ്രഭാഷണം. ഓർശ്ലെം ദൈവാലയത്തിന്റെ നാശത്തിനും കർത്താവിന്റെ ആഗമനത്തിനും ലോകാവസാനത്തിനും മുന്നോടിയായി കൊടും യാതനകളുണ്ടാകും (24:4-48). ഇതെപ്പോൾ സംഭവിക്കുമെന്ന് ആർക്കും അറിയില്ലാത്തതിനാൽ ബുദ്ധിമതികളായ കന്യകമാരെപ്പോലെ നിതാന്ത ജാഗ്രതയോടെ വർത്തിക്കണമെന്ന് അവിടുന്നു തന്റെ ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുന്ന ഭാഗമാണ് മത്താ 24: 29-35.

## സാരം

കൊടുംയാതനകൾക്കുശേഷമുള്ള മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ്, സൃഷ്ടിയിൽ സംഭവിക്കുന്ന ചില മാറ്റങ്ങളാണ് ഈശോ ആദ്യഭാഗത്തു വിവരിക്കുന്നത്: സൂര്യൻ പെട്ടെന്ന് ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശിക്കുകയില്ല; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശശക്തികൾക്ക് ഇളക്കം തട്ടും. സൂര്യന്റെയും ചന്ദ്രന്റെയും പ്രവർത്തനങ്ങൾ ഒന്നിച്ചു നിലയ്ക്കും എന്നു പറയുന്നതിൽനിന്ന്, നമ്മൾ അധിവസിക്കുന്ന ഈ സൃഷ്ടപ്രപഞ്ചവും അതിലെ ക്രമീകരണങ്ങളും അവസാനിക്കുകയും ഒരു പുതിയ ലോകക്രമം നിലവിൽ വരികയും ചെയ്യും എന്നു വ്യക്തമാണ്. മറ്റു പ്രകാശസ്രോതസ്സുകളെല്ലാം നിഷ്പ്രഭമായിക്കഴിയുമ്പോൾ, മനുഷ്യപുത്രന്റെ മഹത്ത്വം പ്രകാശിക്കും. മത്താ 24:30- ലാണ് മുഖ്യാശയം. വലിയ ശക്തിയോടും പ്രതാപത്തോടുംകൂടെ വാനമേഘങ്ങളിൽ മനുഷ്യപുത്രൻ

www.malankaralibrary.com

പ്രത്യക്ഷപ്പെടും; ആകാശത്തിൽ അവന്റെ അടയാളം കാണപ്പെടും. സഭാപിതാക്കന്മാർ ഈ അടയാളത്തെ സ്ലീവായാണ് മനസ്സിലാക്കുന്നത് (ജറുസലെമിലെ സിറിൾ). വാനമേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യപുത്രൻ ദാനിയേൽ 7:13 ന്റെ പൂർത്തീകരണമാണ് (ജറെ 4:13 കാണുക). മേഘത്തിനു ദൈവസാന്നിധ്യവുമായുള്ള ബന്ധം പഴയ നിയമത്തിൽ സുവിദിതമാണല്ലോ. ഉദാഹരണത്തിന്, പുറ 13: 21-22 ൽ കർത്താവ് ഇസ്രായേൽജനത്തെ മരുഭൂമിയിൽ വഴിനടത്തിയത് മേഘത്തിൽ സന്നിഹിതനായിക്കൊണ്ടാണ്. വാഗ്ദാനപേടകത്തിനു മുകളിലും ദൈവമഹത്ത്വത്തിന്റെ അടയാളമായി മേഘം ഉണ്ടായിരുന്നു (പുറ 40:35-38).

മനുഷ്യപുത്രൻ വലിയ കാഹളത്തോടെ അയയ്ക്കുന്ന ദൂതന്മാർ നാലു ദിക്കുകളിലുംനിന്ന് അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ വിളിച്ചുകൂട്ടും (24:31). സീനായ്മലയിൽ ദൈവം പ്രത്യക്ഷപ്പെടുമ്പോഴും കാഹളധ്വനി ഉച്ചസ്വരത്തിൽ മുഴങ്ങുന്നതു കേൾക്കാം (പുറ 19:16). കർത്താവിന്റെ ദിനത്തിനു മുന്നോടിയായി കാഹളം മുഴക്കാൻ പ്രവാചകന്മാർ ആഹ്വാനം ചെയ്യുന്നുണ്ട് (ജോയേ 2:1). ഇതിന്റെയെല്ലാം പൂർത്തീകരണമായാണ് മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ കാഹളത്തോടെ അയയ്ക്കുന്നത്. മനുഷ്യപുത്രൻ പിതാവിന്റെ മഹത്ത്വത്തോടെ വരാനിരിക്കുന്നത് വിശുദ്ധ ദൂതന്മാരോടൊപ്പമാണ് എന്ന് അവിടുന്നു പല പ്രാവശ്യം പ്രഖ്യാപിച്ചിട്ടുണ്ട് (മത്താ 16:27; 25:31). നാലു ദിക്കുകളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടവരെയാണ് വിളിച്ചു കൂട്ടുന്നത്. ചിതറിപ്പാർക്കുന്ന ഇസ്രായേൽ മക്കളെ ദൈവം അവസാന നാളുകളിൽ ഒരുമിച്ചുകൂട്ടുമെന്നത് യഹൂദവിശ്വാസത്തിന്റെ ഭാഗമാണ് (ഏശ 43:6; സഖ 2:6).

ഈ പ്രഭാഷണത്തിൽ മുഖ്യമായി പ്രതിപാദിച്ച കാര്യങ്ങൾ (24: 5-28) സംഭവിക്കുന്നതായി കാണുമ്പോൾ, 24:29-31-ൽ വിവരിച്ച മനുഷ്യപുത്രന്റെ ആഗമനം സമാഗതമായി എന്നു മനസ്സിലാക്കണം എന്നു പഠിപ്പിക്കാൻ വേണ്ടിയാണ് അത്തിമരത്തിന്റെ ഉപമ (24:32-33) ഈശോ അരുളിച്ചെയ്തത്. പലസ്തീനായിലെ മറ്റു മരങ്ങളിൽനിന്നു വ്യത്യസ്തമായി, ശീതകാലത്ത് ഇല പൊഴിക്കുകയും വസന്തകാലത്തും തുടർന്ന് വേനൽക്കാലത്തും തളിർക്കുകയും ചെയ്യുന്ന വൃക്ഷമാണ് അത്തി (ഉത്ത 2:11-13). അത്തിമരം പുതുജീവന്റെ അടയാളമായി തളിർക്കുന്നതു കാണുമ്പോൾ വേനൽക്കാലം ആസന്നമായി

www.malankaralibrary.com

എന്നു മനസ്സിലാക്കുന്നതുപോലെ, മുൻകൂട്ടി അറിയിച്ച യാതനകൾ വന്നുഭവിക്കുമ്പോൾ യുഗാന്തം അടുത്തു എന്നു ഗ്രഹിക്കാനാണ് ഇവിടെ ആഹ്വാനം. ആരംഭത്തിലെ ശിഷ്യന്മാരുടെ ചോദ്യത്തിനുള്ള ഉത്തരമാണ് 24:34 ലുള്ളത്: ഇവയെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നുപോവുകയില്ല. ഇവയെല്ലാം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈ പ്രഭാഷണത്തിൽ ഇതുവരെ പ്രതിപാദിച്ച കാര്യങ്ങളാണ് (24:4- 31). ഈ തലമുറ സൂചിപ്പിക്കുന്നത് ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ തിരുസഭയെയാണ്. ആകാശവും ഭൂമിയും കടന്നുപോകും; എന്നാൽ, എന്റെ വചനങ്ങൾ കടന്നുപോവുകയില്ല (24:35). സൃഷ്ടപ്രപഞ്ചം നാശോന്മുഖമാണ്. പക്ഷേ, ഈശോയുടെ വചനങ്ങൾ, അവിടുത്തെ പ്രബോധനം എന്നും നിലനില്ക്കും. നിത്യമായ ആധികാരികതയുള്ള ദൈവവചനംതന്നെയാണ് അവിടുത്തെ വാക്കുകൾ (സങ്കീ 119:89; ഏശ 51:6).

## സന്ദേശം

മത്താ 24:1-2-ൽ ദൈവാലയത്തിന്റെ നാശത്തെയും തുടർന്നുള്ള യാതനകളെയും മനുഷ്യപുത്രന്റെ ആഗമനത്തെയുംകുറിച്ചുള്ള അവിടുത്തെ വചനങ്ങളുടെ അനശ്വരമായ ആധികാരികതയാണ് അവിടുന്ന് ഉറപ്പിക്കുന്നത്. അവിടുന്നു നല്കുന്ന ആഹ്വാനങ്ങൾ വിവേചിച്ചറിയാനും അവ പാലിക്കാനുമുള്ള ശിഷ്യരുടെ കടമയെക്കുറിച്ച് ഓർമിപ്പിക്കുക എന്ന ലക്ഷ്യവും ഇതിനു പിന്നിലുണ്ട്. ആ ദിവസത്തെയും വിനാഴികയെയുംകുറിച്ചു പിതാവു മാത്രമല്ലാത മറ്റാരും, സ്വർഗീയ ദൂതന്മാർപോലും അറിയുന്നില്ല എന്ന ഈശോയുടെ പ്രസ്താവന, സദാ ജാഗ്രതയോടെ ഒരുക്കമുള്ളവരായി ജീവിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

www.malankaralibrary.com

# പ്രസംഗം

## നിത്യതയും പരിസരവും

ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വീണ്ടും വരാനിരിക്കുന്നവനിൽ വിശ്വസിക്കുകയും ആ വിശ്വാസം നിത്യവും ആവർത്തിച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നവരാണ് നമ്മൾ. അപ്പസ്തോല പ്രവർത്തനം ഒന്നാം അധ്യായത്തിൽ കർത്താവിന്റെ സ്വർഗാരോഹണം നോക്കിനിൽക്കുന്ന ശിഷ്യന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് രണ്ടു മാലാഖമാർ സംസാരിക്കുന്നത് ഇപ്രകാരമാണ്. "അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നതെന്ത്? നിങ്ങളിൽനിന്ന് സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ട യേശു സ്വർഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെതന്നെ തിരിച്ചുവരും" (അപ്പ 1:11). ഈശോയുടെ ഈ തിരിച്ചുവരവിനെ ഉറ്റുനോക്കിക്കൊണ്ട് പ്രതീക്ഷയോടെ കാത്തിരിക്കുന്നവരാണ് ക്രൈസ്തവർ. പ്രതീക്ഷയോടെയുള്ള ഈ കാത്തിരിപ്പാണ് ക്രൈസ്തവജീവിതത്തിന് അർഥം നൽകുന്നത്. ഈ പ്രത്യാശയാണ് സഹനങ്ങൾക്ക് അർഥവും സങ്കടങ്ങൾക്കിടയിൽ കരുത്തും നമുക്ക് നൽകുന്നത്. ഈ ഉറച്ച പ്രത്യാശയുടെ പ്രബോധകരായിരുന്നു അപ്പസ്തോലന്മാർ. ഈ പ്രത്യാശയുടെ പ്രഘോഷണമാണ് സഭയുടെ ദൗത്യം.

മനുഷ്യപുത്രന്റെ ആഗമനത്തെ പ്രതീക്ഷിച്ച് ജാഗ്രതയോടെ ജീവിക്കണമെന്ന് കർത്താവ് ആവശ്യപ്പെടുന്നതാണ് ഇന്നത്തെ സുവിശേഷം. മനുഷ്യപുത്രൻ വാനമേഘങ്ങളിൽ പ്രത്യക്ഷനാകുന്ന സമയത്ത് അവനെ എതിരേൽക്കാൻ യോഗ്യതയുള്ളവരായി നമ്മൾ നിലകൊള്ളണം. അതിന് കാലത്തിന്റെ സൂചനകൾ കണ്ടും നിരീക്ഷിച്ചും നമ്മൾ ജീവിക്കണമെന്ന് കർത്താവ് ഉപദേശിക്കുന്നു. പ്രകൃതിയിൽനിന്നുള്ള ഒരു ഉദാഹരണം കർത്താവ്കൊണ്ടുവരുന്നു- അത്തിവൃക്ഷം തളിരിടുന്നതു കാണുമ്പോൾ വേനൽക്കാലത്തിന്റെ സൂചന കിട്ടുന്നതുപോലെ ആകാശത്തിലും ഭൂമിയിലും മാറ്റങ്ങൾ കാണുമ്പോൾ യുഗാന്ത്യസൂചനകൾ തിരിച്ചറിയണമെന്നും കർത്താവിനെ സ്വീകരിക്കാൻ തയ്യാറാകണമെന്നുമാണ് നമുക്ക് ലഭിക്കുന്ന അറിയിപ്പ്.

www.malankaralibrary.com

തന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് വളരെ വ്യക്തമായും വിശദമായും കർത്താവ് പല സന്ദർഭങ്ങളിലും സംസാരിച്ചിട്ടുണ്ട്. കർത്താവിന്റെ ആദ്യത്തെ വരവിന്റെ ഉദ്ദേശ്യംതന്നെ രണ്ടാമത്തെ വരവിനെക്കുറിച്ച് നമുക്ക് മുന്നറിയിപ്പ് നൽകലും നമ്മെ അതിനുവേണ്ടി ഒരുക്കലുമാണ്. പ്രപഞ്ചസ്രഷ്ടാവായ അവിടുന്ന് ഒരു സൃഷ്ടിയെപ്പോലെ ഭൂമിയിൽ വരികയും നമുക്ക് രക്ഷയുടെ മാർഗം കാണിച്ചുതരുകയും ചെയ്തു. ഇനി എല്ലാറ്റിന്റെയും അവസാനമായ യുഗാന്ത്യത്തിൽ അവൻ പ്രപഞ്ചത്തെ മുഴുവൻ തന്നോട് ചേർക്കുകയും മനുഷ്യവംശത്തിന് രക്ഷ പ്രദാനം ചെയ്യുകയുമാണ്. ഈ സത്യത്തിന്റെ പ്രഘോഷണമാണ് സഭ നടത്തിപ്പോരുന്നത്.

നമ്മുടെ നാട്ടിലോ വീട്ടിലോ നാം ജോലി ചെയ്യുന്ന സ്ഥാപനത്തിലോ ഒരു വിശിഷ്ടാതിഥി വരുന്നുണ്ടെന്നുള്ള അറിയിപ്പ് ലഭിച്ചാൽ എത്ര ശ്രദ്ധയോടെയും ഉത്സാഹത്തോടെയും നമ്മൾ ഒരുക്കങ്ങൾ നടത്തും! നമ്മുടെ സ്രഷ്ടാവും പരിപാലകനും വിധിയാളനുമായ ദൈവം മഹത്ത്വത്തോടെ എഴുന്നള്ളുന്ന ദിവസത്തിനുവേണ്ടി നമ്മൾ എത്രമാത്രം ഒരുങ്ങുന്നുണ്ടെന്ന ചിന്ത നമ്മുടെ ഉള്ളിൽ നിറയട്ടെ.

എന്നെ സ്വീകരിക്കാൻ അവനും അവനെ സ്വീകരിക്കാൻ ഞാനും സന്നദ്ധരായിരിക്കേണ്ട സമയമാണത്. അവിടുത്തെ ജനനവും മരണവും ഉത്ഥാനവും രക്ഷാകരപ്രവർത്തനങ്ങളുംവഴി അവിടുന്ന് ഒരുങ്ങിനിൽക്കുകയാണ്. നമ്മളോ? വിശുദ്ധവചനത്തോടും വിശുദ്ധ കൂദാശകളോടും കർത്താവ് നൽകുന്ന മുന്നറിയിപ്പുകളോടും നമ്മൾ എപ്രകാരമാണ് പ്രതികരിക്കുന്നത്? നിത്യതയെ മുന്നിൽ കണ്ടാണോ എന്റെ ദിവസങ്ങളും ചുമതലകളും പെരുമാറ്റങ്ങളും സംസാരവും ബന്ധങ്ങളും ഞാൻ ചിട്ടപ്പെടുത്തുന്നത്? ഇന്നാണ് അവന്റെ ദിവസമെങ്കിൽ, അവന്റെ പ്രത്യാഗമന ദിവസമെങ്കിൽ എന്റെ അവസ്ഥ എന്തായിരിക്കും?

പരിസരബോധത്തോടെയും ദൈവചിന്തയോടെയും ജീവിക്കണമെന്നാണ് ഇന്നത്തെ സുവിശേഷത്തിന്റെ സാരം. ഭൂമിയിലും ആകാശത്തിലും സമൂഹത്തിലും സംഭവിക്കുന്ന മാറ്റങ്ങൾ നാം കണ്ണുതുറന്നു കാണണം. സമൂഹത്തിന്റെ ചലനങ്ങളും മനുഷ്യരുടെ ശൈലികളും നാം ശ്രദ്ധിക്കണം. ചുരുക്കത്തിൽ, കാലത്തിന്റെ ചുവരെഴുത്തുകളും സമൂഹത്തിന്റെ നിലപാടുകളും നിരീക്ഷിച്ചുകൊണ്ട് ജീവി

www.malankaralibrary.com

ക്കണം. നിത്യതയെ ധ്യാനിച്ചും പ്രതീക്ഷിച്ചും ഭൂമിയിൽ ജീവിക്കണമെന്നർഥം. പരിസരബോധത്തോടെ ദൈവരാജ്യത്തെ സ്വപ്നം കാണാനും സാഹോദര്യചിന്തയോടെ മുന്നേറാനും നമുക്ക് സാധിക്കണം. ചുറ്റുപാടുകളെ കണ്ണുതുറന്നു കാണാനും സ്വർഗത്തിലേക്ക് ഉറ്റുനോക്കാനും നമുക്ക് സാധിക്കട്ടെ. ഈശോയുടെ ശൈലി ഇതായിരുന്നു. ചുറ്റുപാടുമുള്ള കാഴ്ചകളും വ്യക്തികളും സംഭവങ്ങളും സങ്കടങ്ങളും കാണുമ്പോഴൊക്കെ ഈശോ ദൈവരാജ്യത്തിന്റെ വിശേഷങ്ങൾ പങ്കുവയ്ക്കുകയായിരുന്നല്ലോ.

ഏലിയാ സ്ലീവാ മൂശെക്കാലം ആചരിക്കുന്ന നമുക്ക് നമ്മുടെ നിത്യതയെയും അന്ത്യവിധിയെയും നിത്യസൗഭാഗ്യത്തെയുംകുറിച്ച് ധ്യാനിച്ചു ജീവിക്കാം.

**ഡോ. ഫിലിപ്പ് കാരക്കാട്ട്**

www.malankaralibrary.com



## ഒക്ടോബർ 02
## ഏലിയ സ്ലീവാ മൂശെ 4-ാം ഞായർ

# ഭാഷ്യം

## ഉത്പ 41:37-45, യോഹ 12:27-36

## സന്ദർഭം

ഇസ്രായേൽ ജനതയുടെ പൂർവപിതാക്കന്മാരായ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും കഥയുടെ ഉച്ചകോടിയിലാണ് ജോസഫിന്റെ കഥ അവതരിപ്പിക്കുന്നത്. ഉത്പത്തി പുസ്തകം 37 മുതൽ 50 വരെയുള്ള അധ്യായങ്ങൾ ജോസഫിന്റെ ജീവിതത്തെക്കുറിച്ചുള്ള വിചിന്തനങ്ങളാണ്. യാക്കോബിന് റാഹേൽ എന്ന ദാസിയിൽനിന്നുള്ള കടിഞ്ഞൂൽ സന്താനമാണ് ജോസഫ്. ജോസഫിന്റെ ജനനത്തോടുകൂടി ഹാരാനിലെ യാക്കോബിന്റെ പ്രവാസം അവസാനിപ്പിച്ച് വാഗ്ദാനനാട്ടിലേക്ക് 'ഇസ്രായേൽ' മടങ്ങുന്നു (ഉല്പ 30:25). കാനാൻ ദേശത്തുവച്ച് ജോസഫിന് ഉണ്ടാകുന്ന സ്വപ്നങ്ങളും അതിൽനിന്നുളവാകുന്ന പരിണിതഫലങ്ങളുമാണ് ഉത്പ 37-50 വരെയുള്ള അധ്യായങ്ങളുടെ കഥാതന്തു. ജോസഫിന്റെ ജീവിതം സ്വപ്നങ്ങളുമായ് ഏറെ ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഈജിപ്തുദേശത്തെ ജോസഫ് പ്രതിനിധാനം ചെയ്യുന്നതുകൊണ്ടായിരിക്കാം ദൈവത്തിന്റെ വെളിപാടുകളെ സ്വപ്നങ്ങളുടെ രൂപത്തിൽ അവതരിപ്പിക്കുന്നത്. ജോസഫ് തന്റെ സഹോദരന്മാരുടെ മുമ്പിൽ നടത്തിയ സ്വപ്നവ്യാഖ്യാനങ്ങൾ (ഉത്പ 37) ജോസഫിന്റെ ഈജിപ്തുയാത്രയുടെ മുന്നോടിയായിരുന്നു. ഈജിപ്തിൽവച്ചും ജോസഫിന് സ്വപ്നങ്ങളെ വ്യാഖ്യാനിക്കാനുള്ള കഴിവ് ഉണ്ടായിരുന്നു (ഉത്പ 40:41). ഇ പ്രകാരമുള്ള സ്വപ്നവ്യാഖ്യാനത്തിന്റെ പശ്ചാത്തലമാണ് ഉത്പ 41: 37-45 വരെയുള്ള വചനഭാഗങ്ങൾ.

## സാരം

ഇസ്രായേലിലെ 12 ഗോത്രങ്ങൾക്കിടയിൽ ജോസഫിന് തനതായ ഒരു വ്യക്തിത്വമുണ്ട്, പ്രത്യേകതയുണ്ട്. യാക്കോബിന് ഏറ്റം പ്രിയപ്പെട്ട മകനായതിനാൽ മറ്റു സഹോദരങ്ങൾക്ക് ജോസഫിനോട്

www.malankaralibrary.com

അമർഷം തോന്നി (37:3-5). എന്നാൽ ദൈവം അവനെ ഉയർത്തുകയും ഇസ്രായേൽ ജനതയ്ക്ക് രക്ഷകനായി ഒരു അവശിഷ്ടഭാഗത്തെ ഈജിപ്തിൽ സംരക്ഷിക്കുന്നതിനായി പ്രത്യേകം നിയോഗിക്കുകയും ചെയ്തു (45:7). വിശുദ്ധ ഗ്രന്ഥത്തിൽ 'അവശിഷ്ടഭാഗം' (Remnant) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് ഈ വചനഭാഗത്തിലാണ്. ജനതയുടെ രക്ഷകനായി ഉയർത്തപ്പെട്ട ജോസഫിന്റെ കൊട്ടാരജീവിതമാണ് 41-ാം അധ്യായത്തിന്റെ പ്രധാന ഇതിവൃത്തം. ഈജിപ്തിലെ രാജാവായ ഫറവോക്ക് ഉണ്ടാകുന്ന സ്വപ്നങ്ങൾ വ്യാഖ്യാനിച്ചു നൽ കിക്കൊണ്ട്, തടവറയിൽനിന്നും കൊട്ടാരത്തിന്റെ മട്ടുപ്പാവിലേക്കു ഉയർത്തപ്പെടുന്ന ജോസഫിന്റെ ജീവിതം ഇസ്രായേൽ ജനത്തിന്റെ വാഗ്ദാന നാട്ടിലേക്കുള്ള പ്രവേശനത്തിന്റെ മുന്നാസ്വാദനമായാണ് കരുതപ്പെടുന്നത്. ദൈവം ജനതയെ ഒരുക്കുന്നതും തന്നെ വെളിപ്പെടുത്തുന്നതും വ്യക്തികളിൽ കൂടിയാണ്. ജോസഫിലൂടെ ദൈവികവെളിപാടിന്റെ അനുഭവത്തിലേക്കും ജനം പ്രവേശിക്കുന്നു. ഫറ വോയുടെ സ്വപ്നം വിശദമാക്കുന്നതിലൂടെ ജോസഫിന്റെ ദൈവത്തെ ഫറവോ മനസ്സിലാക്കുകയും ജോസഫിനെ കൊട്ടാരത്തിന്റെ അധിപനാക്കുകയും ചെയ്യുന്നു. പുറപ്പാടു പുസ്തകത്തിൽ ദൈവം ചെയ്യു ന്ന അത്ഭുതങ്ങളും അടയാളങ്ങളും ഇസ്രായേലും ഈജിപ്തും ദൈ വത്തെ അറിയുന്നതിനും ആരാധിക്കാനുമാണെന്ന് വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നു.

ജോസഫിന്, ഫറവോ ഒരു മുദ്രമോതിരം നൽകി കൊട്ടാരത്തിന്റെ അധിപനാക്കുന്നു (41:41). പൗരോഹിത്യ ശുശ്രൂഷകനു നൽകപ്പെടുന്ന മുദ്രമോതിരവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു (പുറ 39:21). പുരോഹിതൻ തന്റെ വസ്ത്രമായ എഫോദിനുള്ളിൽ വയ്ക്കുന്ന മോതിരമാണ് ഈ മുദ്രമോതിരം. ഏഫോദ് ദൈവസാന്നിധ്യത്തിന്റെ അടയാളമായാണ് കരുതപ്പെടുന്നത്. ഇപ്രകാരം ജോസഫിനു ഫറവോ നൽകുന്ന മുദ്രമോതിരം ഫറവോയുടെ സാന്നിധ്യത്തിന്റെ അടയാളമായിരുന്നു. മറ്റൊരർഥത്തിൽ ഫറവോ ജോസഫിനെയും അവന്റെ ദൈവത്തെയും അംഗീകരിച്ചതിന്റെ അടയാളം. ബാബിലോൺ പ്രവാസകാലത്തുനിന്നും ജറുസലെമിലേക്കുപോയ ജനത്തെ നയിക്കാൻ ദൈവം സെറുബാബേലിനെ നിയോഗിച്ചു. സെറുബാബേൽ ആകട്ടെ ദൈവത്തിന്റെ 'മുദ്രമോതിരം' എന്ന് അറിയപ്പെട്ടിരുന്നു (സഖ 8). ഈ അർഥത്തിൽ നോക്കുമ്പോൾ ഈജിപ്തിലുള്ള ഇസ്രായേൽജന

www.malankaralibrary.com

ത്തെ ഒരു അവശിഷ്ടമായി നിലനിർത്തിക്കൊണ്ട് വാഗ്ദാന നാട്ടിലേക്ക് ആരാധനക്കായി നയിക്കാൻ ദൈവം നിയോഗിച്ച വ്യക്തിയാണ് ജോസഫ്.

## സന്ദേശം

ജോസഫിന്റെ ജീവിതം ദൈവാശ്രയത്വത്തിന്റെ കഥ പറയുന്ന ജീവിതമാണ്. ദൈവത്തോടു ചേർന്നുനിൽക്കുന്നവനു വിശുദ്ധിയും ബഹുമാനവും ലഭിക്കും.

**ഡോ. സിറിയക് വലിയകുന്നുംപുറത്ത്**

---

# യോഹ 12:27-36

## സന്ദർഭം

യേശുവിന്റെ ജറുസലേമിലെക്കുള്ള രാജകീയ പ്രവേശനത്തിനുശേഷം യഹൂദ നേതാക്കൾ "ലോകം മുഴുവനും യേശുവിന്റെ പിറകെപോയി കഴിഞ്ഞു" എന്ന് വിലപിക്കുന്ന അവസ്ഥയിൽ ലോകത്തിലെതന്നെ അക്കാലത്തെ ഏറ്റവും വലിയ ജ്ഞാനികളും സംസ്കാരത്തിൽ ഏറ്റവും ഉന്നതരുമായ ഗ്രീക്കുകാർ യേശുവിനെ അന്വേഷിച്ച് എത്തുന്നു. ഇത്രയും ഉന്നതമായ അവസ്ഥയിൽ യേശുവിനെ ജനങ്ങൾ അംഗീകരിക്കുമ്പോൾതന്നെ പീഡാനുഭവത്തിന്റെ നിമിഷങ്ങളിലേക്ക് യേശു അടുത്തുകൊണ്ടിരിക്കുകയാണ്. മനുഷ്യരുടെ അംഗീകാരവും പ്രശംസയും മാത്രമല്ല പീഡകളും മഹത്വപ്പെടുന്നതിനുള്ള അവസരമാണെന്ന് ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നതാണ് ഈ വചനഭാഗത്തിന്റെ സന്ദർഭം.

## സാരം

മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായുള്ള യേശുവിന്റെ കുരിശാരോഹണംതന്നെയാണ് യഥാർഥത്തിൽ മഹത്ത്വത്തിന്റെ വഴി. യോഹന്നാന്റെ സുവിശേഷാനുസൃതം കുരിശാരോഹണമെന്നാൽ മഹത്ത്വത്തിലേക്കുള്ള ഉയർത്തപ്പെടലാണ്.

www.malankaralibrary.com

## സന്ദേശം

പീഡാനുഭവത്തിലേക്ക് പ്രവേശിക്കും മുൻപ് സമാന്തര സുവിശേഷങ്ങളിൽ ഗത്സെമെനിലെ പ്രാർഥന രേഖപ്പെടുത്തിയിരിക്കുമ്പോൾ യോഹന്നാന്റെ സുവിശേഷത്തിൽ അപ്രകാരമൊന്ന് നാം കാണുന്നില്ല. യേശു ആത്മാവിൽ അസ്വസ്ഥനായി പിതാവിനോട് സംവദിക്കുന്ന ഈ സുവിശേഷഭാഗമാണ് ഇതിനു പകരമായി നൽകിയിരിക്കുന്നത്. ബൈബിൾപണ്ഡിതരുടെ അഭിപ്രായത്തിൽ 23-ാം വാക്യത്തിന്റെ തുടർച്ചയാണ് 27 മുതലുള്ള വചനഭാഗങ്ങൾ.

ഈ വചനഭാഗം ശരിയായി ഗ്രഹിക്കാനായി നാലുപദങ്ങൾ നമുക്ക് മനസ്സിലാക്കാം. മണിക്കൂർ, മഹത്ത്വം, മനുഷ്യപുത്രൻ, പ്രകാശം എന്നിവയാണ് അവ. യോഹന്നാൻ സുവിശേഷത്തിലെ പ്രത്യേക അർഥങ്ങൾ നൽകുന്ന പദങ്ങളാണ് ഇവ. **മണിക്കൂർ**: സുവിശേഷത്തിന്റെ ആരംഭംമുതൽ അവസാനംവരെ പല പ്രാവശ്യം യേശുതന്നെ ആവർത്തിച്ച് തന്റെ മണിക്കൂർ ആയിട്ടില്ല, ആകാറായി, അടുത്തെത്തിയിരിക്കുന്നു, ഇതാ വന്നു കഴിഞ്ഞു, എല്ലാം പൂർത്തിയായി ഇങ്ങനെയുള്ള അർഥങ്ങളിൽ ഉപയോഗിക്കുന്നു. ദൈവികപദ്ധതിയുടെ ക്രമാനുഗതമായ വളർന്നു വിരിയലും പൂർത്തീകരണവുമാണ് ഈ പദം സൂചിപ്പിക്കുന്നത്. ഒപ്പം യേശു ദൈവികപദ്ധതിയോട് സമ്പൂർണമായും ഐക്യപ്പെട്ട് തന്റെ ഭൗമിക ജീവിതം നയിക്കുന്നു എന്നും ഈ പദം വ്യക്തമാക്കുന്നു.

**മഹത്വം**: ഈ വചനഭാഗത്ത് മനുഷ്യപുത്രൻ മഹത്ത്വപ്പെടേണ്ട സമയമായിരിക്കുന്നു എന്നതിന്റെ തുടർച്ച എന്നോണം യേശു പ്രാർഥിക്കുന്നു "ഈ മണിക്കൂറിൽ നിന്ന് എന്നെ രക്ഷിക്കണമേ" എന്ന്, ഒപ്പം തന്നെ യേശു കൂട്ടിച്ചേർക്കുന്നു അല്ല ഈ മണിക്കൂറിലേക്കാണ് ഞാൻ വന്നത്. അപ്പോൾ ലഭിച്ച മറുപടിയാണ്, സ്വർഗത്തിന്റെ സ്വരമാണ് "ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു, ഇനിയും മഹത്ത്വപ്പെടുത്തും" എന്നത്. മഹത്ത്വപെടുത്തിയിരിക്കുന്നു എന്നതുകൊണ്ട് യേശുവിന്റെ ഭൗതിക ജീവിതകാലത്തെ വാക്കുകളും പ്രവൃത്തികളും പിതാവ് എപ്രകാരം അംഗീകാരമുദ്ര പതിപ്പിച്ച് ലോ കം മുഴുവനും ഇതാ അവന്റെ പിന്നാലെ പോയിരിക്കുന്നു എന്നു പറയും വിധം സാക്ഷ്യപ്പെടുത്തിയതും; മഹത്വപ്പെടുത്തും എന്നത് യേശുവിന്റെ പീഡാനുഭവ-മരണ-ഉത്ഥാന-സ്വർഗാരോഹണത്തെ

www.malankaralibrary.com

പ്രതിനിധീകരി ക്കുന്നു എന്നുമാണ്. ഇരുപത്തിമൂന്നാം വചനത്തിന്റെ വ്യാഖ്യാനം 24-26-ൽ നൽകിയിട്ട് 27 മുതലുള്ള വചനങ്ങൾ മഹത്ത്വപ്പെടുത്തലിനെ കൂടുതൽ വിവരിക്കുന്നു. ഗോതമ്പുമണിയുടെ അഴിയുന്ന അവസ്ഥയും പിന്നീടുള്ള ഫലം ചൂടലുമാണ് യോഹന്നാൻ സുവിശേഷത്തിൽ മഹത്വം എന്ന വാക്കുകൊണ്ട് അർഥമാക്കുന്നത്. മനുഷ്യപുത്രന്റെ മരണം മഹത്ത്വമായി, ഉയർത്തപ്പെടലായി മനസ്സിലാക്കേണ്ട തുണ്ട്. ഇതു ഗ്രഹിക്കാൻ സാധിക്കാതെ പോയതുകൊണ്ടാണ് മനുഷ്യപുത്രൻ അഥവാ മിശിഹായുടെ മരണം കേൾവിക്കാർക്ക് ഉൾക്കൊള്ളാൻ സാധിക്കാതെ പോയത്.

**മനുഷ്യപുത്രൻ**: ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിലും സങ്കീർത്തനത്തിലും മനുഷ്യപുത്രനെക്കുറിച്ചുള്ള വിവരണം ഉണ്ട്. ലോകത്തിന്റെ അധികാരിയെ പുറത്താക്കി വിജയം വരിക്കുന്ന മിശിഹായാണത്. എന്നാൽ യേശുവിന്റെ കുരിശുമരണ ഉത്ഥാനത്തിലൂടെയാണ് ലോകത്തിന്റെ അധികാരി പുറത്താക്കപ്പെടുക എന്നത് ഇവർക്ക് മനസ്സിലാകാതെ പോകുന്നു. മുപ്പത്തിരണ്ടാം വചനത്തിൽ ഞാൻ ഉയർത്തപ്പെടുമ്പോൾ എല്ലാവരെയും ഞാൻ എന്നിലേക്ക് ആകർഷിക്കും എന്ന് വ്യക്തമാക്കുന്നുണ്ട്. ഏശയ്യായുടെ നാലാം സഹനദാസ ഗീതം ഇവിടെ ചേർത്തു വായിക്കാവുന്നതാണ്.

**പ്രകാശം**: ദൈവത്തിന്റെ രക്ഷാകർമ്മം എന്ന ലക്ഷ്യം പൂർത്തിയാക്കുക വഴി ഈ ലോകത്തെ അന്ധകാരത്തിൽനിന്നും മിശിഹാ പ്രകാശത്തിലേക്ക് നയിക്കുന്നു. യഹൂദ പശ്ചാത്തലത്തിൽ കുംമ്രാനിലുള്ള എസ്സീൻ സമൂഹത്തിലെ അംഗങ്ങൾ തങ്ങളെ പ്രകാശത്തിന്റെ മക്കൾ എന്നാണ് വിളിച്ചിരുന്നത്. ധാർമികമായി ഉയർന്ന നിലവാരം പുലർത്തുന്നവരെയാണ് യഹൂദർ പ്രകാശത്തിന്റെ മക്കൾ എന്ന് വിളിക്കുന്നത്. യോഹന്നാൻസുവിശേഷത്തിന്റെ പശ്ചാത്തല ത്തിൽ ആരംഭം മുതലേ യഥാർഥ വെളിച്ചമായി യേശുവിനെ ചിത്രീകരിക്കുന്നു. തന്നിൽ വിശ്വസിച്ചാൽ ചുറ്റുപാടും ഉയർന്നുവരുന്ന അന്ധകാരം അവരെ മൂടുന്നതിനു മുൻപ് പ്രകാശത്തിലേക്ക് എത്താമെന്നും അങ്ങനെ പ്രകാശത്തിന്റെ മക്കളായി തീരുകയെന്നുമാണ് തന്റെ ശുശ്രൂഷയുടെ അവസാനഭാഗത്ത് യേശു തന്റെ യഹൂദ ശ്രോതാക്കളോട് പറയുന്നത്. ജീവിതത്തിലെ എല്ലാ അനുഭവങ്ങളിലും ദൈവ ത്തിന്റെ രക്ഷിക്കുന്ന കരത്തിന് നീളം കുറഞ്ഞു പോയിട്ടില്ല

www.malankaralibrary.com

എന്ന വിശ്വാസത്തോടെ എല്ലാം മഹത്ത്വമായി സ്വീകരിച്ചാൽ പ്രകാശ ത്തിന്റെ മക്കളായി, രക്ഷയുടെ അനുഭവം ആഘോഷിക്കുന്നവരായി മാറാൻ കഴിയുമെന്ന് ഈ വചനഭാഗം നമുക്ക് വ്യക്തമാക്കി തരുന്നു. ഒരു വേള തീർത്തും ദുസ്സഹമായ ക്ലേശങ്ങൾക്ക് മുൻപിൽ അസ്വസ്ഥ മായ മനസ്സോടെ കരഞ്ഞു വിളിക്കുമ്പോൾ സ്വർഗത്തിന്റെ സ്വരം കേൾപ്പിച്ചുപോലും ആശ്വസിപ്പിച്ച് തന്നെക്കുറിച്ചുള്ള ദൈവഹിതം പൂർത്തിയാക്കാൻ നമ്മെ സഹായിക്കുന്ന സ്വർഗസ്ഥനായ പിതാവ് നമ്മെ ശക്തിപ്പെടുത്തട്ടെ.

**ഡോ. സി. ഗ്ലാഡിസ് CMC**

---

# പ്രസംഗം

## പ്രകാശത്തിന്റെ മക്കൾ

ഈശോ തന്റെ പരസ്യജീവിതത്തിന്റെ അവസാനഘട്ടത്തിൽ ഈശോയിലുള്ള വിശ്വാസത്തിന്റെ പ്രകാശത്തിൽ സഞ്ചരിക്കാൻ എല്ലാവരെയും ക്ഷണിക്കുകയാണ് ( 12:35-36). അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ എന്ന മുന്നറിയിപ്പും ഈശോ ശിഷ്യർക്ക് നൽകുകയാണ്. അന്ധകാരം തിന്മയുടെ പ്രതീ കമാണ്. യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് പെസഹാ ഊട്ടുശാ ലയിൽനിന്നും ഉടനെ പുറത്ത് പോയെന്നും അപ്പോൾ രാത്രിയായിരു ന്നുവെന്നുമാണ് (13:30) യോഹന്നാൻ സുവിശേഷകൻ എഴുതിവച്ചിരി ക്കുന്നത്, പൗലോസ് ശ്ലീഹാ റോമായിലെ സഭയോട് പറയുന്നത്" "രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ അന്ധ കാരത്തിന്റെ പ്രവർത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധ ങ്ങൾ ധരിക്കാം" (റോമാ 13:12) എന്നാണ്.

ക്രിസ്തുവാണ് യഥാർഥ പ്രകാശം. ആ പ്രകാശത്തിലേക്കാണ് നമ്മളോരോരുത്തരും കടന്നുവരേണ്ടത്. ഒരു വെള്ളിയാഴ്ച്ച അനേകം മനുഷ്യരൊത്തു കൂടി ആ പ്രകാശത്തെ പിടിച്ചു കുരിശിൽ തറച്ചു കൊന്നിട്ട് പറഞ്ഞു: 'ആ പ്രകാശം പൊലിഞ്ഞു പോയി'. എന്നാൽ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ യേശു ഒരിക്കലും പൊലിയാത്ത പ്രകാശമാണ് താനെന്ന് സ്ഥാപിച്ചു.

www.malankaralibrary.com

പ്രകാശം നിറഞ്ഞ വഴിയിലൂടെ പോകാതെ മനുഷ്യൻ അവനിഷ്ടമുള്ള വഴിയേ പോകുന്നു. കൂറെ നടന്നു കഴിയുമ്പോഴാണറിയുക വഴി തെറ്റിയെന്ന്. ആദിപാപഫലമായി ജൻമനാ മനുഷ്യരെല്ലാം ഇരുട്ടിന്റെ മക്കളാണ്. എന്നാൽ, ദൈവം തന്റെ കൃപയാൽ യേശു ക്രിസ്തുവഴി പ്രകാശത്തിലേക്ക് നമ്മെ വിളിച്ചു (കൊളോ 12:13). സൂര്യൻ നിലച്ചാൽ ഭൂമിയിൽ ജീവൻ നിലയ്ക്കും. ദൈവീക ശോഭയില്ലെങ്കിൽ മനുഷ്യമനസ്സിനു ജീവനുണ്ടാകില്ല.

ക്രിസ്തുവിനെ സ്വീകരിക്കുന്നവരിൽ പ്രകാശമുണ്ട്. 'അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല". യേശുവാകുന്ന പ്രകാശം സ്വീകരിച്ചവർ ലോകത്തിന്റെ പ്രകാശമായി മാറുന്നു.

ഒരാൾ പ്രകാശത്തിൽ, അതായത് യേശുവിൽ സഞ്ചരിക്കുന്നവനാണെങ്കിൽ അയാൾ സഹോദര സ്നേഹമുള്ളവനായിരിക്കും. 'പ്രകാശത്തിൽ സഞ്ചരിക്കുന്നവൻ സഹോദരസ്നേഹമുള്ളവനായിരിക്കും' (1 യോഹ 2:8-11).

ഗുരു തന്റെ ക്ലാസ്സിലെ കുട്ടികളോട് ഇങ്ങനെ ചോദിച്ചു: 'നേരം വെളുക്കുന്നതെപ്പോൾ?' കുട്ടികൾ മറുപടി പറയാൻ തുടങ്ങി:

'കോഴി കൂകുമ്പോൾ ....., രാവിലെ 6.30 ന്,

സൂര്യൻ ഉദിക്കുമ്പോൾ,

പ്രകാശം പരക്കുമ്പോൾ,

രാവു തീരുമ്പോൾ....'

ഇവകൊണ്ടൊന്നും ഗുരു തൃപ്തനായില്ല . അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ അടുത്തുകൂടി നീങ്ങുന്ന മനുഷ്യൻ നിങ്ങളുടെ സഹോദരനാണെന്ന് നിങ്ങൾ തിരിച്ചറിയുന്നത് എപ്പോഴാണോ , അപ്പോഴാണ് നിങ്ങൾക്ക് രാത്രി തീരുന്നതും നേരം വെളുക്കുന്നതും. അതുവരെ നിങ്ങൾ ഇരുട്ടിലായിരിക്കും."

സകല മനുഷ്യരും പ്രകാശത്തിൽ സഞ്ചരിക്കാൻ കർത്താവും ക്ഷണിക്കുന്നു. ആ ക്ഷണം സ്വീകരിച്ച് നമുക്ക് പ്രകാശത്തിന്റെ മക്കളാകാം.

**ഫാ. ഷിബു പുളിക്കൽ**

www.malankaralibrary.com


ഒക്ടോബർ 09

# ഏലിയ സ്ലീവാ മൂശെ 5-ാം ഞായർ

## ഭാഷ്യം

പുറ 20:18-21; മത്താ 25:31-46

### സന്ദർഭം

ഈജിപ്തിലെ അടിമത്തത്തിൽനിന്ന് കരുത്തുള്ള കരംനീട്ടി മോചിപ്പിച്ചുകൊണ്ടുവന്ന ഇസ്രായേൽക്കാരെ ദൈവം ഒരു ജനമായി മാറ്റിയ, സ്വന്തം ജനമായി സ്വീകരിച്ച, സീനായ് ഉടമ്പടിയുടെ ഭാഗമാണ് ഈ വിവരണം. ദൈവിക സാന്നിധ്യത്തിൽ ജനത്തിനുണ്ടായ ഭയവും മോശ നൽകുന്ന വ്യാഖ്യാനവും ഇവിടെ അവതരിപ്പിക്കുന്നു. ദൈവമനുഷ്യബന്ധത്തെ നിർണയിക്കുന്ന നിബന്ധനകൾ പത്തുപ്രമാണങ്ങളായി അവതരിപ്പിച്ചതിനുശേഷമാണ് ജനത്തിന്റെ പ്രതികരണവും മോശയുടെ ഉപദേശവും രേഖപ്പെടുത്തുന്നത്.

### സാരം

പ്രപഞ്ചസ്രഷ്ടാവും സർവാധിപനും സർവാതിശായിയുമാണ് ദൈവം. മനുഷ്യനിർമിതമായ വിഗ്രഹങ്ങൾപോലെയല്ല ഇസ്രായേലിനു 'യാഹ്വേ' എന്ന പേരിൽ സ്വയം വെളിപ്പെടുത്തിയ ദൈവം. ദൈവത്തിന്റെ വിശുദ്ധിയെ പ്രകടമാക്കുന്ന അടയാളങ്ങളാണ് ഇടിമുഴക്കവും അഗ്നിയും പുകയും മിന്നൽപിണരുമെല്ലാം. പൊട്ടിത്തെറിക്കുന്ന അഗ്നിപർവതത്തിനുമുന്നിൽ നിൽക്കുന്ന പ്രതീതിയാണ് ഈ അടയാളങ്ങളിലൂടെ വിശുദ്ധഗ്രന്ഥം ജനിപ്പിക്കുന്നത്. വിശുദ്ധനായ ദൈവത്തിന്റെ ജനം വിശുദ്ധരായിരിക്കണം. ശിക്ഷയെക്കുറിച്ചുള്ള ഭയം അനുസരണത്തിനു പ്രചോദനമായി നിൽക്കണം. വേണ്ടത്ര ഒരുക്കം കൂടാതെ ദൈവസന്നിധിയിലേക്കു കടന്നുവരുന്നവർക്കു വധശിക്ഷ വിധിച്ചുകൊണ്ട് ജനത്തെ ഒരുക്കാൻ മോശയ്ക്കു നൽകിയ കല്പന (പുറ 19:9-25) ഇതിലേക്കു ശ്രദ്ധക്ഷണിക്കുന്നു.

### സന്ദേശം

പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങളിൽ അവസാനത്തേതാണ് ദൈവഭയം. ദൈവഭക്തിയുടെതന്നെ ഒരു സവിശേഷതയുമാണിത്.

www.malankaralibrary.com

ദൈവം സ്നേഹമാണെന്നും കരുണയുടെ ഉറവിടവും എല്ലാ പാപങ്ങളും ക്ഷമിക്കുന്ന, അമ്മയേക്കാൾ കൂടുതൽ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദയാനിധിയാണെന്നും പറയുമ്പോഴും ദൈവം ദൈവമാണെന്ന കാര്യം മറക്കാതിരിക്കാൻ ദൈവഭയം സഹായിക്കും; സഹായിക്കണം. എല്ലാം കാണുകയും അറിയുകയും ചെയ്യുന്നവനാണ് ദൈവം. എന്റെ ഏറ്റം നിഗൂഡചിന്തകളും ആഗ്രഹങ്ങളും എല്ലാം അവിടുത്തേക്കറിയാം. ഈ ഒരു അവബോധം തിന്മയിൽ നിന്നകന്നു നിൽക്കാൻ, വാക്കും പ്രവൃത്തിയും ചിന്തയും ആഗ്രഹങ്ങളും എല്ലാം ദൈവഹിതത്തിനു അനുസൃതമായിരിക്കാൻ ശ്രദ്ധിക്കണം. അതോടൊപ്പം; ശിക്ഷ ഭീതിയേക്കാൾ സ്നേഹവും നന്ദിയുമായിരിക്കണം, എന്റെ ജീവിതത്തെ നയിക്കുന്ന ചാലകശക്തി.

**ഡോ. മൈക്കിൾ കാരിമറ്റം**

---

## മത്താ 25:31-46

## സന്ദർഭം

മത്തായി എഴുതിയ സുവിശേഷത്തിൽ പഞ്ചഗ്രന്ഥത്തിനുസമാനമായി, യേശുവിന്റെ അഞ്ചു പ്രഭാഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (5-7;10;13;18;24-25). ദൈവരാജ്യത്തിന്റെ സവിശേഷതകൾ അവതരിപ്പിക്കുന്ന ഈ പ്രഭാഷണങ്ങളിൽ അവസാനത്തെ പ്രഭാഷണത്തിന്റെ സമാപനമാണ് ഇന്നത്തെ വായനക്കായി നിർദ്ദേശിച്ചിരിക്കുന്നത്. യേശു നടത്തിയ അവസാനത്തെ സുവിശേഷപ്രഘോഷണമാണിത്. ഇതുവരെ യേശു പഠിപ്പിച്ചതിന്റെയെല്ലാം രത്നചുരുക്കം അന്തിമവിധിയുടെ ഈ വിവരണത്തിൽ കാണാം.

## സാരം

ഈ ലോകത്തിന് ഒരു അവസാനമുണ്ടാകും. പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകും. ഓരോ മനുഷ്യവ്യക്തിയും താന്താങ്ങളുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിധിക്കപ്പെടും. ദൈവത്തോടൊന്നിച്ചുള്ള നിത്യജീവനോ ദൈവത്തിൽനിന്നകറ്റപ്പെടുന്ന നിത്യനരകമോ പ്രതിഫലമായി സ്വീകരിക്കും. ആവശ്യം അനുഭവിക്കുന്ന മനുഷ്യർക്ക്, തന്റെ കഴിവിനൊത്ത് സഹായം നൽകിയോ എന്നതാണ് വിധിയുടെ മാനദണ്ഡം. വിശക്കുന്നവർക്ക് ആഹാരം, ദാഹിക്കുന്നവർക്ക് പാനീയം, വീടില്ലാത്തവർക്ക് വസിക്കാൻ

www.malankaralibrary.com

ഇടം, നഗ്നർക്കു വസ്ത്രം, രോഗിക്കും കാരാഗൃഹവാസിക്കും സഹായം- എന്നിങ്ങനെ തികച്ചും ഭൗതികമായ ആറു സാഹചര്യങ്ങളാണ് എടുത്തുപറയുന്നത്. ഇവിടെയെല്ലാം സഹായം അർഹിക്കുന്നവനായി പ്രത്യക്ഷപ്പെട്ട അയൽക്കാരൻ യേശുതന്നെ ആയിരുന്നു എന്ന വെളിപ്പെടുത്തൽ നിർണായകമാണ്. ഉപമയുടെ ഭാഷയാണുപയോഗിക്കുന്നതെങ്കിലും അറിയിക്കുന്ന സന്ദേശത്തിൽ സംശയത്തിനു പഴുതില്ല. ക്രിയാത്മകമായ സഹോദരസ്നേഹമാണ് മതാത്മകതയുടെ കാതൽ. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയില്ല.

## സന്ദേശം

ഒരു വിശദീകരണവും ആവശ്യമില്ലാത്തത്ര വ്യക്തവും ലളിതവുമാണ് യേശുനാഥൻ നൽകുന്ന ഈ അന്തിമസന്ദേശം. മനുഷ്യനെ മറന്ന് ദൈവത്തെ സ്നേഹിക്കാനാവില്ല. ക്രിയാത്മകമായ സഹോദര സ്നേഹത്തിൽ പ്രകടമാകാത്ത മതാത്മകത കപടമാണ്. "മാനവസേവ മാധവസേവ" എന്നു നമ്മുടെ പൂർവികർ പറഞ്ഞുതന്നതും ഈ പാഠംതന്നെ. വിശക്കുന്നവർക്ക് ആഹാരവും വീടില്ലാത്തവർക്കു വീടും നൽകുന്നതിനുപകരം മറ്റു മതാത്മക പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധിച്ചാൽ നിത്യനാശമായിരിക്കും ലഭിക്കാൻ പോകുന്നത് എന്ന താക്കീത് ഗൗരവമായി എടുക്കണം. "നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽ നിന്നു അകന്നുപോകുവിൻ" (മത്താ 7:23) എന്ന് ഗിരിപ്രഭാഷണത്തിന്റെ അവസാനം നൽകിയ താക്കീതും ഇതിനോടു ചേർത്തുവായിക്കണം. ഇന്നത്തെ എന്റെ തീരുമാനവും പ്രവർത്തനവുമാണ് എന്റെ അന്തിമവിധി നിശ്ചയിക്കുന്നത് എന്ന കാര്യം മറക്കാതിരിക്കാം.

**ഡോ. മൈക്കിൾ കാരിമറ്റം**

---

# പ്രസംഗം

## സഹോദരനിലെ ഈശോ ദർശനം

മനുഷ്യപുത്രൻ മഹിമയോടെ എഴുന്നള്ളുമ്പോൾ തന്റെ മുന്നിലുള്ളവരെ ഇടതുവശത്തേക്കും വലതുവശത്തേക്കും മാറ്റിനിർത്തി എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെന്നും ശപിക്കപ്പെട്ടവരെന്നും അഭിസംബോധന ചെയ്യുന്ന ഭാഗങ്ങളാണ് സുവിശേഷത്തിൽ

www.malankaralibrary.com

നാം വായിക്കുന്നത്. ഒരു നല്ല പ്രശംസ കിട്ടാൻ ആഗ്രഹിക്കാത്തവരായി നമ്മളിൽ ആരുണ്ട്? മഹത്ത്വത്തിൽ എഴുന്നള്ളിയ മനുഷ്യപുത്രന്റെ വലത്തുഭാഗത്തുനിൽക്കുന്ന കൂട്ടർക്ക് വലിയ സന്തോഷമാണ്. കാരണം, അവർക്ക് അവരുടെ വിധിദിവസത്തിൽ പ്രതീക്ഷിക്കാത്ത തരത്തിലുള്ള ഒരു പ്രശംസ ലഭിക്കുകയാണ്. നല്ലൊരു കാര്യമാണ് എന്റെ മുമ്പിലുള്ള വ്യക്തി ചെയ്തതെന്ന് അടുത്തുനിൽക്കുന്നവന് തോന്നുമ്പോൾ കിട്ടുന്ന ഒരു പ്രചോദനവാക്കാണ് പ്രശംസ. ജീവിതത്തിൽ പലപ്പോഴും പ്രശംസ ലഭിച്ചിട്ടുള്ളവരാണ് നമ്മൾ. എന്നാൽ ഇവിടെ അതല്ല കാര്യം. ഇന്നത്തെ സുവിശേഷം നമ്മോടു പറയുന്നത് ആത്മീയജീവിതമാകുന്ന ഓട്ടമത്സരത്തിനൊടുവിൽ കർത്താവിന്റെ സന്നിധിയിൽ ഓടിയെത്തിയ എന്നെയും നിന്നെയും കർത്താവ് തന്റെ വലത്തുഭാഗത്ത് നിർത്തി നെഞ്ചോട് ചേർത്തുവച്ച് പ്രശംസിക്കുമോ എന്നതാണ്.

'ശപിക്കപ്പെട്ടവരെ' എന്ന് സംബോധന ലഭിച്ചവരും കർത്താവിന്റെ സന്നിധിയിൽ ഓടിയെത്തിയവരാണെങ്കിലും അവർ മനുഷ്യപുത്രന്റെ വലതുഭാഗത്ത് സ്ഥാനം ലഭിക്കാതെ സങ്കടപ്പെടുന്നു. തെരഞ്ഞെടുക്കപ്പെട്ടവരും തിരസ്കരിക്കപ്പെട്ടവരും തമ്മിലുള്ള വ്യത്യാസം സഹോദരങ്ങളിൽ ദൈവത്തെ കണ്ടു/കണ്ടില്ല എന്നുള്ളതാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന് കർത്താവ് പറഞ്ഞത് ഒരു കല്പനയായിട്ടാണ്. കല്പന ചെയ്യാനുള്ളതാണ് അത് എഴുതിവയ്ക്കാനും പ്രസംഗിക്കാനുമുള്ളതല്ലെന്ന് ഒന്നുകൂടി ഓർമിപ്പിക്കുന്നു. സഹോദരന് ആവശ്യമുള്ളതെല്ലാം നൽകുന്നവനാണ് കർത്താവിന്റെ പ്രശംസക്കർഹൻ എന്നു മാത്രമല്ല, അവന് കർത്താവ് കരുതിവച്ചിരിക്കുന്നത് നിത്യജീവനാണ്. സഹോദരനെ മാനിക്കാതെ ജീവിക്കുന്നവന് കർത്താവ് കരുതിവച്ചിരിക്കുന്നത് നിത്യശിക്ഷയുമാണ്.

ഈ വചനം ഓർക്കാം: 'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണ് ചെയ്യാതിരുന്നത്.' അങ്ങനെയെങ്കിൽ ഇന്നത്തെ സുവിശേഷത്തെ ഇങ്ങനെ ചുരുക്കാം 'നിന്റെ സഹോദരനാണ് ഇനിമുതൽ നിന്റെ ഈശോ.'

**ഫാ. തോമസ് ശൗര്യാംകുഴിയിൽ**

www.malankaralibrary.com

## ഒക്ടോബർ 16
## ഏലിയാ സ്ലീവ മൂശെ 6 -ാം ഞായർ

# ഭാഷ്യം

### ഉത്പ 19:23-29; ലൂക്കാ 21:20-28

## സന്ദർഭം

സോദോം, ഗൊമോറാ എന്നീ പ്രദേശങ്ങൾ ചാവുകടലിന് സമീപമുള്ള താഴ്‌വരയിലെ അഞ്ച് നഗരങ്ങളിൽ രണ്ടെണ്ണമായിരുന്നു. അദ്മാ, സെബോയീം, സോവാർ എന്നിവയാണ് മറ്റു മൂന്ന് നഗരങ്ങൾ. ഈ സ്ഥലങ്ങൾ വളരെമികച്ചതായതുകൊണ്ടാണ് അബ്രാഹവും ലോത്തും വേർപിരിഞ്ഞപ്പോൾ ലോത്ത് ഇവ തിരഞ്ഞെടുത്തത്. ജോർദാൻ സമതലം മുഴുവൻ ജലപുഷ്ടിയുള്ള ഭൂമിയാണെന്നു ലോത്ത് കണ്ടു. അതു കർത്താവിന്റെ തോട്ടംപോലെയും സോവാറിനു നേരേയുള്ള ഈജിപ്തിലെ മണ്ണുപോലെയുമായിരുന്നു. കർത്താവ് സോദോമും ഗൊമോറായും നശിപ്പിക്കുന്നതിനുമുമ്പുള്ള അവസ്ഥയായിരുന്നു അത് (ഉത്പ 13:10). പ്രത്യക്ഷത്തിൽ നല്ല സ്ഥലം എന്ന് തോന്നിപ്പിച്ചെങ്കിലും അവിടുത്തെ നിവാസികളുടെ ദുഷ്ടതകളും ദുർവൃത്തിയും നിമിത്തം നാട് മലിനമായിരുന്നു. സോദോമിലെ ആളുകൾ ദുഷ്ടൻമാരും കർത്താവിന്റെ മുമ്പിൽ മഹാപാപികളുമായിരുന്നു. അതിനാൽ, കർത്താവ് ആകാശത്തിൽ നിന്നു സോദോമിലും ഗൊമോറായിലും അഗ്നിയും ഗന്ധകവും വർഷിച്ചു. ആ പട്ടണങ്ങളെയും താഴ്‌വരകളെയും അവയിലെ നിവാസികളെയും സസ്യലതാദികളെയും അവിടുന്നു നാമാവശേഷമാക്കി (ഉത്പ 19:24-25). എന്നാൽ, ദൈവത്തിന്റെ പ്രിയപ്പെട്ടവനായ അബ്രഹാമിനെ പ്രതി ദൈവം ലോത്തിനെയും കുടുംബത്തെയും മരണവക്ത്രത്തിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കുന്നതാണ് സന്ദർഭം.

## സാരം

ജ്ഞാനത്തിന്റെ പുസ്തകം ലോത്തിനെ ജ്ഞാനത്താൽ രക്ഷിക്കപ്പെട്ട നീതിമാനായും അയാളുടെ ഭാര്യയെ അവിശ്വാസിയുടെ

www.malankaralibrary.com

വിധിയുടെ നേർസാക്ഷ്യമായും അവതരിപ്പിക്കുന്നു: അധർമികൾ നശിച്ചപ്പോൾ ജ്ഞാനം ഒരു നീതിമാനെ രക്ഷിച്ചു; പഞ്ചനഗരത്തിൽ പതിച്ച അഗ്നിയിൽനിന്ന് അവൻ രക്ഷപെട്ടു. അവരുടെ ദുഷ്ടത യുടെ തെളിവ് ഇന്നും കാണാം. സദാ പുക ഉയരുന്ന ശൂന്യപ്രദേശം, കനിയാകാത്ത കായ്കൾ വഹിക്കുന്ന വൃക്ഷങ്ങൾ, അവിശ്വാസിയു ടെ സ്മാരകമായ ഉപ്പുതൂൺ (ജ്ഞാനം 10:6-7). വി. പത്രോസ് ശ്ലീഹായുടെ അഭിപ്രായത്തിൽ ലോത്ത് തന്റെ സമകാലികരായ ദുഷ്ടരുടെ ദുർവൃത്തിമൂലം വളരെ വേദന സഹിച്ച നീതിമാനും, നീതി ബോധമുള്ള മനസ്സിന്റെ ഉടമയുമാണ്. ദുഷ്ടരുടെ ദുർവൃത്തിമൂലം വളരെ വേദനസഹിച്ച നീതിമാനായ ലോത്തിനെ അവിടുന്ന് അവരു ടെയിടയിൽ നിന്നുരക്ഷിച്ചു. അവരുടെമധ്യേ ജീവിച്ച ആ നീതിമാൻ അവരുടെ ദുഷ്പ്രവൃത്തികൾ അനുദിനം കാണുകയും കേൾക്കു കയുംചെയ്തു. അത് അവന്റെ നീതിബോധമുള്ള മനസ്സിനെ പീഡിപ്പിച്ചു (2 പത്രോ 2:7-8).ലോത്തിന്റെ ഭാര്യയുടെവിധി ദൈവവ ചനത്തെ തൃണവത്ഗണിക്കുന്നവർക്ക് ഒരു താക്കീതാണ്. തിരികെ നോക്കരുത് എന്ന ദൈവകൽപന അവൾ അവഗണിച്ചു. ദൈവകൽ പന അവഗണിച്ചതുവഴി ദൈവദത്തമായ രക്ഷ അവൾക്ക് അപ്രാപ്യ മായി. അവൾ കുടുംബത്തോടൊപ്പം സോദോംവിട്ടെങ്കിലും അവളു ടെ ഹൃദയം സോദോമിൽതന്നെയായിരുന്നു. അവൾ സോദോമിന്റെ രീതികളെ സ്നേഹിച്ചതിനാൽ സോദോമിന്റെ വിധി അവൾക്കുമു ണ്ടായി. ഒരിജന്റെ വീക്ഷണത്തിൽ ലോത്തും ഭാര്യയും മനുഷ്യന്റെ ആത്മാവിന്റെയും ശരീരത്തിന്റെയും പ്രതീകങ്ങളാണ്. ആത്മാവ് ദൈ വകല്പനകളെ അനുസരിച്ച് സ്വർഗീയ ആനന്ദത്തിനായി കുതി ക്കുമ്പോൾ ശരീരം ഭൗമികസുഖഭോഗങ്ങളിൽ നിന്നും വിടുതൽ തേ ടാൻ മടിക്കുന്നു.

## സന്ദേശം

ലോത്ത് സോവാറിൽ എത്തിയപ്പോൾ സൂര്യൻ ഉദിച്ചുകഴിഞ്ഞി രുന്നു. ദൈവത്തെ അനുസരിക്കുന്നവരുടെ ജീവിതത്തിൽ പുതിയ പ്രതീക്ഷകളുടെ സൂര്യോദയം ഉണ്ടാകും. അവർ ചെല്ലുന്ന ഇടങ്ങ ളിലും ചക്രവാളങ്ങളിൽ നന്മയുടെ സൂര്യോദയങ്ങൾ സംഭവിക്കും. എന്നാൽ ഇതേസമയം ധാർമികമായി അധഃപ്പതിച്ചവരുടെ നാടിനെ കാത്തിരുന്നത് കർത്താവ് ആകാശത്തിൽ നിന്നുവർഷിച്ച അഗ്നിയും ഗന്ധകവുമാണ്.ദൈവകോപത്തിന്റെ അഗ്നിയിൽ ചാമ്പലാകാതി

www.malankaralibrary.com

രിക്കാനും ദൈവാനുഗ്രഹത്തിന്റെ സൂര്യോദയങ്ങൾ അനുഭവിക്കാനും നീതിയുടെയും ധാർമികതയുടെയും നിലപാടുകൾ സ്വീകരിക്കാം. പ്രകൃതിവിരുദ്ധഭോഗം, വിഷയാസക്തി, ദൈവനിന്ദ എന്നിവ ഒരു വ്യക്തിയെയോ, സമൂഹത്തെയോ എത്രമാത്രം അധഃപ തനത്തിലേക്ക് നയിക്കും എന്നതിന് ചിരപ്രസിദ്ധമായ നിദർശനങ്ങളാണ് സോദോമും ഗൊമോറായും. പുതിയ നിയമത്തിൽ അനുതപിക്കാത്ത ജനതയുടെയും നഗരങ്ങളുടെയും സ്ഥിതി എത്ര ദയനീയമായിരിക്കുമെന്ന് സൂചിപ്പിക്കാൻ സോദോം-ഗൊമോറാ ദേശങ്ങളെക്കുറിച്ച് ഈശോ സൂചിപ്പിക്കുന്നുണ്ട് (മത്താ 10:15;11,23-24). അനുതാപത്തിലൂടെ അരുണോദയങ്ങൾക്കായി വിശ്വാസമിഴികളുയർത്താം.

**ഡോ. ലൂക്ക് തടത്തിൽ**

---

## ലൂക്കാ 21:20-28

യുഗാന്ത്യത്തെക്കുറിച്ചുള്ള പ്രബോധനങ്ങളാണ് ലൂക്കാ 21-ാം അധ്യായം. ദൈവാലയാങ്കണത്തിൽവച്ച് ഈശോ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ജറുസലെമിനെക്കുറിച്ചും ദൈവാലയത്തെക്കുറിച്ചും ലോകത്തിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും നൽകുന്ന പ്രവചനങ്ങളാണ് പശ്ചാത്തലം.

## സാരം

താവളമടിച്ചിരിക്കുന്നത് എന്ന വർത്തമാനക്രിയയിൽ ബന്ധിതമാക്കിക്കൊണ്ടാണ് തിരുവചനഭാഗം ആരംഭിക്കുന്നത് (21:20). ഇതു വിവക്ഷിക്കുന്നത് ആസന്നമായ യുദ്ധമാണ്. പരമപരിശുദ്ധനായ കർത്താവു കുടികൊള്ളുന്ന ജറുസലെം ദൈവാലയത്തിനു ചുറ്റും റോമൻ ചക്രവർത്തിയുടെ സൈന്യം നിരന്നിരിക്കുന്നു.തീവ്രവാദികളായ യഹൂദരും അവരുടെ നേതാക്കളും ദൈവാലയത്തിൽ പ്രവേശിച്ചു യുദ്ധത്തിനായി തയ്യാറെടുക്കുകയും ദൈവാലയം അശുദ്ധമാക്കുകയും ചെയ്യുന്നു. ഈ സംഭവങ്ങൾ സൂചിപ്പിക്കുന്നതു ദൈവാലയത്തിന്റെ അഥവാ യഹൂദജനത്തിന്റെ നാശമാണ്.

അപ്പോൾ (21:21) എന്ന സഹായകക്രിയ ഭാവി പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. സോദോം-ഗോമോറ ദൈവകോപത്താൽ നശിപ്പിക്കപ്പെടുന്നതിനു മുമ്പ് ലോത്തും കുടുംബവും പലായനം

www.malankaralibrary.com

ചെയ്തു. അതുപോലെ ദൈവാലയം അശുദ്ധമാക്കിയതുവഴിയുണ്ടായ ദൈവകോപത്തിൽനിന്നു രക്ഷപെടുന്നതിനുവേണ്ടിയാണ് മലമുകളിലേക്കു പലായനം ചെയ്യട്ടെ എന്ന് കല്പിച്ചിരിക്കുന്നത്. പലായനത്തിൽ ഏറ്റവുമധികം കഷ്ഠതയനുഭവിക്കേണ്ടിവരുന്നത് ഗർഭിണികളും മുലയൂട്ടുന്നവരുമാണ്. അവർക്കു ദുരിതം എന്നു പറയുന്നതുവഴി ആ ദിനങ്ങളുടെ ഭയാനകതയെയാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ചുള്ള (25-28)പരാമർശം, അനുവാചകരിൽ യുഗാന്ത്യത്തെക്കുറിച്ചുള്ള ചിന്തകളാണ് നൽകുന്നത്. എന്നാൽ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചാണ് ഈശോ സംസാരിക്കുന്നത്. നീതി പ്രവർത്തിച്ചവർക്കുള്ള സദ്വാർത്തയാണ് നിങ്ങൾ ശിരസ്സുയർത്തിനിൽക്കുവിൻ (21:28) എന്ന ആഹ്വാനം.

## സന്ദേശം

കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് ജാഗ്രതയോടെ വ്യാപരിക്കണം. വിശുദ്ധസ്ഥലത്ത് അശുദ്ധിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾ തന്നെ അവിടെ നിന്നും ഓടി രക്ഷപെടുക. മനുഷ്യന്റെ ദുഷ്പ്രവർത്തികൾക്ക് പ്രപഞ്ചാധിനാഥനായ ദൈവം പ്രാപഞ്ചികശക്തികളിലൂടെ ജനപദങ്ങളിൽ സംഭ്രമമുളവാക്കും.എന്നാൽ ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട്, ദൈവപ്രീതിക്കുപാത്രമായവർക്ക് അഭിമാനത്തിന്റെ നിമിഷങ്ങളാണെന്നാണ് വചനസന്ദേശം.

**ഡോ. സി. ലിന്റ പുളിക്കത്തടത്തിൽ**

www.malankaralibrary.com

# പ്രസംഗം

## ഹൃദയവിശുദ്ധി

ജറുസലെം ദൈവാലയത്തിന്റെ പതനത്തെക്കുറിച്ചുള്ള യേശുവിന്റെ ദീർഘവീക്ഷണവും പ്രവചനവുമാണ് ഇന്നത്തെ സുവിശേഷവായന. യഹൂദജനതയുടെ ജീവിതവുമായി അഭേദ്യമായ ബന്ധമാണ് ജറുസലെം ദൈവാലയത്തിനുള്ളത്. അവർക്ക് ദൈവാലയം, ഒന്നേ ഉള്ളൂ- ജറുസലെം ദൈവാലയം. മറ്റുള്ളതെല്ലാം സിനഗോഗുകളാണ്. സോളമൻ രാജാവാണ് ജറുസലെം ദൈവാലയം പണികഴിപ്പിച്ചത്. മോറിയാ മലയുടെ ഉയരത്തിലാണിത് പണിതുയർത്തിയത്. ഇസഹാക്കിനെ ബലികഴിക്കാൻ അബ്രാഹം ഒരുക്കിയ ബലിപീഠത്തിന്റെ സ്ഥാനമാണിത്. ജറുസലെം ദൈവാലയത്തിലായിരുന്നു വാഗ്ദാനപേടകം സൂക്ഷിച്ചിരുന്നത്. ഈ വാഗ്ദാനപേടകത്തിലായിരുന്നു പത്തുകല്പനകൾ, വിശുദ്ധ മന്ന, അഹറോന്റെ തളിർത്തവടി എന്നിവ അടക്കം ചെയ്തിരിക്കുന്നത്. യഹൂദജനത ദൈവത്തിന്റെ സജീവസാന്നിധ്യത്തിന്റെ അടയാളമായിരുന്നു. ജറുസലെം ദൈവാലയം യഹൂദസംസ്കാരത്തിന്റെ അഭിമാന സ്തംഭംതന്നെയായിരുന്നു ഈ ദൈവാലയം. ജറുസലെം ദൈവാലയത്തെയും നഗരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലംതന്നെ ഉണ്ടായിരുന്നു.

സോളമന്റെ കാലത്ത് പണിയപ്പെട്ട ഈ ദൈവാലയം പിന്നീട് പ്രവാസകാലത്തോടെ നശിപ്പിക്കപ്പെട്ടു. പിന്നീട് സെറുബാബേലാണ് ദൈവാലയം പുതുക്കിപ്പണിതത്. എന്നാൽ ഹെറോദേസിന്റെ കാലത്ത് ദൈവാലയത്തിന്റെ സ്ഥിതി അങ്ങേയറ്റം ശോചനീയമായി. എന്താണ് ഈ ദയനീയമായ അധഃപതനത്തിനുള്ള കാരണം? സോളമന്റെ കാലത്ത് നിർമിച്ച ഈ ദൈവാലയത്തിന്റെ പരിശുദ്ധസ്ഥലത്ത്, വാഗ്ദാനപേടകം സ്ഥിതിചെയ്തിരുന്ന വിശുദ്ധസ്ഥലത്ത് അവർ അന്യദേവന്മാർക്ക് പൂജനടത്തി. ബാൽദേവന്റെ വിഗ്രഹം പ്രതിഷ്ഠിച്ചു. ദൈവാലയത്തിൽ ദേവവേശ്യാവൃത്തി അരങ്ങേറി. അജഗണങ്ങളെ സംരക്ഷിക്കേണ്ട ഇടയന്മാർ വഴിതെറ്റിപ്പോയി. വിശ്വസ്തനായ ദൈവത്തോട് കാണിച്ച അവിശ്വസ്തതയാണ് ജറുസലെം ദൈവാലയത്തിന്റെ നാശത്തിന്റെ കാരണം.

www.malankaralibrary.com

ജറുസലെം ദൈവാലയത്തിന്റെ നാശത്തെക്കുറിച്ചുള്ള പ്രവചനത്തിലൂടെ ഈശോ നമുക്ക് ചില ഓർമപ്പെടുത്തലുകളും തിരുത്തലുകളും തരുന്നുണ്ട്; ജറുസലെം ദൈവാലയത്തെപ്പോലെ സ്വർണത്തിൽ പൊതിഞ്ഞ അതിവിശുദ്ധസ്ഥലമോ സ്വർണത്തിരിക്കാലുകളോ കെട്ടിടത്തിന്റെ മനോഹാരിതയോ അവിടെ കിട്ടുന്ന നേർച്ച കാഴ്ചകളോ, ആഘോഷങ്ങളോ അല്ല ആ ദൈവാലയത്തിൽ ആരാധനയ്ക്കെത്തുന്ന ജനങ്ങളുടെ ദൈവവിശ്വാസവും ദൈവാരൂപി നിറഞ്ഞ ജീവിതവുമാണ് പ്രധാനപ്പെട്ടത്. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന വചനം ധ്യാനിക്കണം. ആത്മാവ് നഷ്ടപ്പെട്ട സ്നേഹരഹിതമായ ആചാരങ്ങൾ ഈശോ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ മനുഷ്യഹൃദയവും വിശുദ്ധമല്ലെങ്കിൽ ജറുസലെം ദൈവാലയം പോലുള്ള ഒരു പതനം അധികമല്ലാതെ ഭാവിയിൽ നമ്മളും അഭിമുഖീകരിക്കേണ്ടിവരും. ഏകമനസ്സോടെ വിശുദ്ധവിചാരങ്ങളോടെ ആദിമക്രിസ്ത്യാനികൾ ആശംസയ്ക്കും അപ്പം മുറിക്കലിനും ഒരുമിച്ചുകൂടിയ ഗുഹകൾ ദൈവാനുഭവത്തിന്റെ വിശുദ്ധസ്ഥലങ്ങളായിരുന്നല്ലോ. ജറുസലെം ദൈവാലയത്തിന്റെ അതിവിശുദ്ധസ്ഥലത്ത് ഏകദൈവത്തെ ആരാധിക്കുന്നതിനുപകരം ബാൽദേവന് അവർ പൂജ നടത്തി. ഇത് ദൈവകല്പനയുടെ ലംഘനമാണ്. മാരകമായ പാപമാണ്. ദൈവം നമ്മോട് വിശ്വസ്തനാണ്. നമ്മൾ ദൈവത്തോടും വിശ്വ സ്തരായിരിക്കണം. ജീവിതത്തിൽ ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കണം. ദൈവത്തിനു കൊടുക്കേണ്ട ഒന്നാം സ്ഥാനം മറ്റു വ്യക്തികൾക്കും സ്ഥാനമാനങ്ങൾക്കും കൊടുക്കുമ്പോഴാണ് ജറുസലെം ദൈവാലയംപോലെ നമ്മുടെ ജീവിതവും കുടുംബവും തകർന്നുപോകുന്നത്. ദൈവത്തിൽനിന്ന് ഓടി അകലുന്ന വ്യക്തിക്കും ജനതയ്ക്കും എപ്പോഴും ഒരു തകർച്ച ഉണ്ടായിരിക്കും.

അധികാരവും സമ്പത്തും ആർജിക്കാനുള്ള ഒരു വേദിയായി ജറുസലെം ദൈവാലയത്തെ അവർ മാറ്റിയതാണ് ദൈവാലയം നശിക്കാൻകാരണം. ദൈവാരാധനയോടുള്ള നമ്മുടെ മനോഭാവം ശുദ്ധമായിരിക്കണം. ദൈവാലയത്തിൽ വരുന്നതും ഭക്തസംഘടനകളിൽ പങ്കാളികളാകുന്നതും വ്യക്തിതാല്പര്യങ്ങളുടെ പേരിലായിരിക്കരുത്. നമ്മുടെ ആത്മീയജീവിതവും ദൈവാരാധനയും അധികാരം ആർജിക്കാനോ സമ്പത്തും സ്ഥാനമാനങ്ങളും നേടാനോ ഉള്ള മാർഗങ്ങളായി നാം കാണരുത്. ദൈവത്തിനും ദൈവജനത്തിനുംവേണ്ടി എന്ത്

www.malankaralibrary.com

ശുശ്രൂഷ എനിക്ക് ചെയ്യാൻ സാധിക്കും എന്നതായിരിക്കണം നമ്മുടെ ചിന്ത. ഇങ്ങോട്ട് വാങ്ങുന്നതല്ല, അ ങ്ങോട്ട് കൊടുക്കുന്ന താണ് ആത്മീയജീവിതശൈലി.

നമ്മൾ നടന്നവഴികൾ നമ്മൾ മറക്കരുത്. പോറ്റിവളർത്തിയ കരങ്ങളെ തട്ടിമാറ്ററുത്. മരുഭൂമിയിൽ മന്ന വർഷിച്ച് പോറ്റിവളർത്തി നയിച്ച ദൈവത്തെ മറന്നുപോയതാണ് ജറുസലെം ദൈവാലയത്തിന്റെ നാശകാരണം. എത്രയോ പെട്ടെന്നാണ് നമ്മൾ നന്ദിഹീനരായി തീരുന്നത്. എത്രയോ കടപ്പാടുകളാണ് നമ്മൾ മറക്കുന്നത്. എല്ലാം നന്ദിരഹിതമായ മറവിപിടിച്ച മനസ്സുകൾക്ക് ജറുസലെം ദൈവാലയം പോലെ ഒരു പതനം അതിവിദൂരത്തല്ല. എവിടെ തിന്മ ഭരണംനടത്തുന്നുവോ എവിടെ ധർമം ക്ഷയിക്കുന്നുവോ അവിടെനിന്ന് എത്രയുംവേഗം അകന്നുനിൽക്കാൻ ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ ഓർമിപ്പിക്കുന്നുണ്ട്. തിന്മയുടെ ചില സുഖങ്ങൾ ആസ്വദിച്ചുകഴിഞ്ഞതുകൊണ്ട് ധർമം ക്ഷയിക്കുമ്പോൾ എന്താണ് നഷ്ടപ്പെട്ടുപോകുന്നത് എന്ന് ചിലർ അറിയാതെ പോകുന്നു ഈശോ പറയുന്നു: "ജറുസലെമിനുചുറ്റും സൈന്യം താവളമടിച്ചിരിക്കുന്നതു കാണുമ്പോൾ അതിന്റെ നാശം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊള്ളുവിൻ" താവളമടിച്ചിരിക്കുന്ന സൈന്യം എന്നുപറയുന്നത് തിന്മയുടെ ശക്തിയാണ്, ദുഷ്ടാരൂപിയാണ്. അധർമങ്ങളുടെ അധോഗതികളിൽനിന്നും നമ്മൾ വിശുദ്ധിയുടെ പർവതങ്ങളിലേക്ക് പലായനം ചെയ്യാൻ ദൈവവചനം ആഹ്വാനം ചെയ്യുന്നു. താഴ്ന്ന ചിന്തകളിൽനിന്നും ഉയർന്ന ചിന്തകളിലേക്ക് നമ്മൾ മാറണം.

പട്ടണങ്ങളിലുള്ളവർ അവിടംവിട്ടുപോകണം. പട്ടണം ഉപഭോഗസംസ്കാരത്തിന്റെ ഈറ്റില്ലങ്ങളാണ്. പട്ടണസംസ്കാരം എന്നുപറയുന്നത് പുറമേയുള്ളതല്ല അത് നമുക്കുള്ളിലുള്ളതാണ്. വ്യക്തിബന്ധങ്ങളെ ലാഭേച്ഛയോടെ കാണുന്ന മനോഭാവമാണിത്. പട്ടണസംസ്കാരം ഉള്ളിലുള്ളവൻ വ്യക്തികളെ വില്പനചരക്കുകളായി കാണുന്നു. പുറംപൂച്ചുകളിലും വർണകാഴ്ചകളിലും മാത്രം കണ്ണുടക്കിയവരാണിവർ. ഗ്രാമത്തിലുള്ളവർ പട്ടണത്തിൽ പ്രവേശിക്കാതിരിക്കട്ടെ എന്ന് ഈശോ ഓർമിപ്പിക്കുന്നു. നിഷ്കളങ്കതയുടെയും നൈർമല്യത്തിന്റെയും ശാലീനതയുടെയും വിശുദ്ധിയുടെയും കൂട്ടായ്മയുടെയും നൈസർഗികമായ ബന്ധങ്ങളുടെയും ഇടങ്ങൾ ഉള്ള മനസ്സിന്റെ പ്രതീകമാണ് ഗ്രാമങ്ങൾ. മനസ്സിൽ പരിശുദ്ധി നേടിയവർ

www.malankaralibrary.com

ഒരിക്കലും അത് നഷ്ടപ്പെടുത്താതിരിക്കട്ടെ എന്ന് ഈശോ ഓർമി പ്പിക്കുന്നു.

വീണ്ടും ഈശോ നമ്മെ ഓർമിപ്പിക്കുന്നു: "സൂര്യനിലും ചന്ദ്ര നിലും അടയാളങ്ങൾ പ്രത്യക്ഷപ്പെടും." അടയാളങ്ങൾ ചില തിരി ച്ചറിവുകളാണ്. കാർമേഘം മഴ പെയ്യും എന്നതിന്റെ അടയാളമാ ണ്. നമ്മുടെ വീഴ്ചയ്ക്കും പതനത്തിനുംമുമ്പ് ദൈവം ചില അട യാളങ്ങൾ തരാറുണ്ട്. അടയാളങ്ങൾ തിരിച്ചറിഞ്ഞ് ദൈവസ്വരം ശ്രവി ച്ചാൽ നമുക്ക് രക്ഷനേടാം. ചില സൂചനകളെയും അടയാളങ്ങളെയും അവഗണിക്കുന്നതുകൊണ്ടാണല്ലോ നമ്മുടെ ജീവിതത്തിലും കുടും ബങ്ങളിലും ചില തകർച്ചകൾ വരുന്നത്.

മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് ഈശോ ഓർമിപ്പിക്കുന്നു: 'ഇവ സംഭവിക്കാൻ തുടങ്ങുമ്പോൾ ശിരസുയർത്തി നിൽക്കുവിൻ' എന്ന്. ഹൃദയം വിശുദ്ധികൊണ്ട് നിറഞ്ഞവർക്കുമാ ത്രമേ ശിരസ്സ് ഉയർത്തിനിൽക്കാനാവൂ. അല്ലാത്തവർക്ക് ശിരസ്സ് കു നിഞ്ഞുപോകും. പീഡനങ്ങളുണ്ടായാലും വിശ്വാസത്തിലും സഹ നത്തിലും പിടിച്ചുനിൽക്കുന്നവന് രക്ഷയുണ്ടാകും. ജറുസലെം ദൈ വാലയത്തിന്റേതുപോലുള്ള ഒരു പതനം അവനുണ്ടാകില്ല.

**ഫാ. വിനീത് വാഴേക്കുടിയിൽ CMI**

www.malankaralibrary.com

## ഒക്ടോബർ 23
## ഏലിയ സ്ലീവാ മൂശെ 7-ാം ഞായർ

# ഭാഷ്യം

## നിയ 11:1-7, മത്താ 10:1-15

### സന്ദർഭം

ഈജിപ്തിൽനിന്ന് പുറപ്പെട്ട് സീനായ് മരുഭൂമിയിലെത്തി അവിടെവച്ച് ഉടമ്പടിയിലൂടെ കർത്താവിന്റെ സ്വന്തം ജനമായി തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ അവിടെനിന്നും പുറപ്പെട്ട് നാല്പത് വർഷക്കാലം മരുഭൂമിയിൽ ആയിരുന്നതിനുശേഷം വാഗ്ദത്തനാടിന്റെ കവാടത്തിൽ എത്തിയിരിക്കുകയാണ്. കണ്ണെത്തും ദൂരത്ത് വാഗ്ദത്തനാട് ഉണ്ട്. തദവസരത്തിൽ മോശ ഇസ്രായേൽ ജനത്തിന് നല്കുന്ന പ്രബോധനമാണ് നിയമാവർത്തനപുസ്തകം. വാഗ്ദത്ത നാട്ടിൽ പ്രവേശിച്ചതിനുശേഷം എപ്രകാരം ജീവിക്കണം എന്ന് ജനത്തെ ഓർമിപ്പിക്കുകയാണ് പ്രധാനലക്ഷ്യം. മോശ നടത്തുന്ന മൂന്ന് പ്രസംഗങ്ങളാണ് (1:1-4,43; 4:44-28:68; 29:1-30,20) നിയമാവർത്തനപുസ്തകത്തിന്റെ പ്രധാന ഉള്ളടക്കം. സുദീർഘമായ രണ്ടാം പ്രസംഗം (4:44-28,6) രണ്ട് ഭാഗങ്ങളായിതിരിക്കാം: 4:44-11,31; 12:1-28:68. ആദ്യ ഭാഗത്ത് (4,44-11,31) സീനായിൽവച്ച് ലഭിച്ച നിയമങ്ങളും അവിടെ നടന്ന സംഭവങ്ങളും ഓർമിപ്പിക്കുകയാണ്. രണ്ടാം ഭാഗം (12,1-28,68) വാഗ്ദത്ത നാട്ടിൽ ചെന്നതിനു ശേഷം പാലിക്കേണ്ട നിയമങ്ങളാണ് വിവരിക്കുന്നത്. 12-26 അധ്യായങ്ങൾ നിയമാവർത്തന നിയമസംഹിതയായി അറിയപ്പെടുന്നു. പത്തുകല്പനകളുടെ വിശദീകരണവും വ്യാഖ്യാനവുമെന്നനിലയിൽ നിയമാവർത്തന ചരിത്രകാരന്മാർ തയ്യാറാക്കിയ നിയമ സംഹിതയാണ് ഇത്. ഓരോ ഭാഗത്തിന്റെയും അവസാനം നിയമം പാലിക്കേണ്ടതിന്റെ ആവശ്യകത ഓർമിപ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നുണ്ട് (11:1; 27:1) തുടർന്ന് നിയമം പാലിച്ചാലുള്ള അനുഗ്രഹങ്ങളും ലംഘിച്ചാലുള്ള ശാപങ്ങളും വിവരിക്കുന്നു (11:8-32;27:1 -28,68.) ആദ്യഭാഗത്തിന്റെ (4:44-11:31)അവസാനം നിയമം പാലിക്കേണ്ടതിന്റെ ആവശ്യകത വിവരിക്കുന്ന വചന ഭാഗമാണ് ഇന്നത്തെ വിചിന്തനഭാഗം (11:1-7).

www.malankaralibrary.com

## സാരം

ഇന്നത്തെ വചനഭാഗത്തിന് മുമ്പുള്ള അധ്യായങ്ങൾ - അഞ്ചാം അധ്യായം മുതൽ പതിനൊന്നുവരെ- സീനായി (ഹോറെബ്) ൽ നടന്ന കാര്യമാണ് വിവരിക്കുന്നത്. അക്കാര്യങ്ങളെല്ലാം ഓർമിപ്പിച്ചു കൊണ്ട് കർത്താവിനെ സ്നേഹിക്കാനും അവിടുത്തെ അനുശാസന കളും, ചട്ടങ്ങളും നിയമങ്ങളും കല്പനകളും അനുസരിക്കാനുള്ള (11:1)ആഹ്വാനമാണ് മോശ നല്കുന്നത്. അതിന്റെ പ്രധാന്യം പ്രകട മാക്കുകയാണ് കർത്താവിന്റെ പ്രമാണങ്ങളെ സൂചിപ്പിക്കുന്ന വ്യത്യ സ്തമായ വാക്കുകൾ - അനുശാസനകളും, ചട്ടങ്ങളും നിയമങ്ങളും കല്പനകളും - ഉപയോഗിച്ചിരിക്കുന്നതിലൂടെ. ഇതേ രീതി നിയമാവ ർത്തന പുസ്തകത്തിൽ പല പ്രാവശ്യം ആവർത്തിക്കുന്നുണ്ട് (4,40; 5,31; 6,17; 7,9–11;8,2;10,13; 11,8; 28,18; 27,10; 28,45; 29,8; 30,10). അവർ ഈജിപ്തിലും (വാ. 3–4) മരുഭൂമിയിലും (വാ.5–7) കാണുകയും അനുഭവിക്കുകയും ചെയ്തകാര്യം ഓർക്കാനാണ് മോശ ഉദ്ബോധി പ്പിക്കുന്നത്. മോശ സംസാരിക്കുന്ന ജനംതന്നെ ഇവയെല്ലാം കണ്ടതാ ണ് എന്ന് പറയുന്നു. മരുഭൂമിയിലെ വാസത്തിനിടയിൽ പഴയ തലമു റമാറ്റപ്പെട്ടിരുന്നു (നിയ 1:35–36). എങ്കിലും മോശ പറയുന്നു: നിങ്ങൾ ഇവയെല്ലാം കാണുകയും അനുഭവിക്കുകയും ചെയ്തിട്ടുള്ളവരാണ്. കാരണം, മരുഭൂമിയിൽ മരിച്ചവർ ഇരുപതിനും അതിൽ അധികവും പ്രായമായ വരായിരുന്നു (സംഖ്യ 14,29–31). കുട്ടികൾ മരിച്ചിരുന്നില്ല. അന്ന് കുട്ടികളായിരുന്നവരാണ് മോശ സംസാരിക്കുന്ന ഈ അവസര ത്തിലെ മുതിർന്ന തലമുറ. അവർ ഈജിപ്തിലും മരുഭൂമിയിലും കർത്താവിന്റെ പ്രവൃത്തികൾ കണ്ടവരാണ്. അവരെയാണ് മോശ ദൈവത്തിന്റെ പ്രവർത്തികൾ ഓർക്കാനും കല്പനകൾ പാലിക്കാ നും ഓർമിപ്പിക്കുന്നത്.

## സന്ദേശം

ദൈവത്തിന്റെ പ്രവൃത്തികൾ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നവർ ദൈവത്തെ സ്നേഹിക്കാനും അവിടുത്തോട് ചേർന്നുനി ല്ക്കാനും അവിടുത്തെ ഹിതമനുസരിച്ച് പ്രവർത്തിക്കാനും കടപ്പെട്ട വരാണ്. നിയമാവർത്തനപുസ്തകത്തിൽ നിറഞ്ഞുനില്ക്കുന്ന സന്ദേ ശവും ഇതുതന്നെയാണ്. ഈ പുസ്തകത്തിൽ ആവർത്തിക്കുന്ന പ്രധാനപദപ്രയോഗങ്ങൾ കർത്താവുമായി ജനത്തിനുണ്ടാ

www.malankaralibrary.com

യിരിക്കേണ്ട ബന്ധത്തെ കുറിക്കുന്നതാണ്. ദൈവത്തിന്റെ സ്വരം ശ്രവിക്കുക (5:1; 6:4; 9:1; 20:3; 26:17; 27:9) എന്തിനു ദൈവത്തിന്റെ സ്വരം കേൾക്കണം? അവിടുത്തെ അറിയാൻ (4:35-39;7:9;29:6) എന്തിന് അവിടുത്തെ അറിയണം? ദൈവഭയമുള്ളവരാകാൻ(4:10; 5:29; 6:2.13; 10:12; 14,23; 17:19; 31:12-13) സ്നേഹിക്കാൻ (6:5; 7:9; 10: 12; 11:1; 30:6) എങ്ങനെ സ്നേഹിക്കണം? പൂർണഹൃദയത്തോടും പൂർണ ആത്മാവോടുംകൂടെ (6:5; 10:12; 30:6) എന്തിന് അങ്ങനെ സ്നേഹിക്കണം? ഒന്നു ചേർന്നിരിക്കാൻ(4:4; 10:20; 11:22; 13:4; 30:20) അനുഗമിക്കാൻ (13:4; 10:12; 6:14; 8:19; 11:28) സേവിക്കാൻ (6:13; 10: 12; 11:13; 13:5; 28:47) അതിന് എന്തുചെയ്യണം? കർത്താവിന്റെ മുമ്പിൽ ഉചിതമായത് പ്രവർത്തിക്കുക (6:18; 12:25; 13:18; 21:9) എന്താണ് കർത്താവിന്റെ മുമ്പിൽ ഉചിതമായത്? അവിടുത്തെ ചട്ടങ്ങളും അനുശാസനങ്ങളും പ്രമാണങ്ങളും കല്പനകളും പാലിക്കുക (4:40; 5:31; 6:17; 7:9-11; 8:2; 10:13; 11:1-8; 28:18; 27.10; 28:45; 29:8; 30:10). പുസ്തകത്തിന്റെ ഈ കേന്ദ്ര ആശയമാണ് ഈ വചനഭാഗം നല്കുന്നതും.

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

---

## മത്താ 10:1-15

## സന്ദർഭം

യേശു തന്റെ പരസ്യശുശ്രൂഷയുടെ ആരംഭകാലത്ത് താൻ തിരഞ്ഞെടുത്ത അപ്പസ്തോലന്മാരെ പ്രേഷിത പ്രവർത്തനത്തിനുവേണ്ടി അയയ്ക്കുന്നതാണ് ഈ വചനത്തിന്റെ സന്ദർഭം. പല അവസരങ്ങളിലായി (മത്താ 4:18-22;9:9-11) ശിഷ്യന്മാരുടെ തിരഞ്ഞെടുപ്പിനെക്കുറിച്ച് പ്രതിപാദ്യമുണ്ടായിരുന്നെങ്കിലും അവരുടെ യഥാർഥമായ ദൗത്യം അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കുക, എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തുക, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിക്കുക- എന്നാണെന്ന് പഠിപ്പിക്കുന്നതാണ് ഈ വചനഭാഗം. തന്റെ പരസ്യശുശ്രൂഷയിൽ ഈശോ കാണിച്ച അത്ഭുതങ്ങളുടെയും രോഗശാന്തിയുടെയും പ്രബോധനത്തിന്റെയും പശ്ചാത്തലത്തിലാണ് (മത്താ 9:35) ശിഷ്യന്മാർക്കുള്ള ഈ ദൗത്യം അവരെ ഭരമേല്പ്പിക്കുന്നത്.

www.malankaralibrary.com

## സാരം

അപ്പസ്തോലൻ എന്നർഥം വരുന്ന അപ്പോസ്തെലോസ് (apostelos) എന്ന ഗ്രീക്ക് പദത്തിന്റെ വാച്യാർഥം അയയ്ക്കപ്പെട്ടവൻ (the sent one) എന്നാണ്. പ്രത്യേകമായ ദൗത്യത്തിന്റെ നിർവഹണത്തിനായി അയക്കപ്പെട്ടവരാണ് അപ്പസ്തോലന്മാർ. പന്ത്രണ്ട് എന്നർഥം വരുന്ന ദൊദേക്കാ (dodeka) എന്ന ഗ്രീക്ക്പദം പ്രതീകാത്മകത നിറഞ്ഞതാണ്. പന്ത്രണ്ട് ഗോത്രങ്ങൾ ചേർന്ന് ഇസ്രായേൽ ജനതയ്ക്ക് രൂപംകൊടുത്തതുപോലെ ഈശോയുടെ പന്ത്രണ്ട് അപ്പസ്തോലന്മാർ പുതിയ ദൈവജനത്തിന് രൂപംകൊടുക്കുന്നു. ഈ പ്രവർത്തനങ്ങൾ എല്ലാം നടത്താൻ ഈശോ തന്റെ ശിഷ്യന്മാർക്കു 'അധികാരം' നൽകി. 'ശക്തി നൽകുക, നിയമപരമായ അധികാരം കൊടുക്കുക. പ്രമാണിത്വം നൽകുക, ആധികാരികത കൊടുക്കുക' എന്നൊക്കെ അർത്ഥംവരുന്ന എക്സൂസിയ (exousia) എന്ന ഗ്രീക്ക് പദത്തിന്റെ സൂചന ശിഷ്യന്മാർക്ക് നൽകുന്ന ദൈവികശക്തിയാണ്. ഇത് മാനുഷിക ശക്തിയാലുള്ള പ്രവർത്തനമല്ല, മറിച്ച് ദൈവികമായ ഇടപെടലാണ്.

രോഗികളെ സുഖപ്പെടുത്തുക, മരിച്ചവരെ ഉയിർപ്പിക്കുക, കുഷ്ഠരോഗികളെ ശുദ്ധരാക്കുക, പിശാചുക്കളെ പുറത്താക്കുക (10:8) എന്നീ നാല് കാര്യങ്ങളും ദൈവികദാനമായാണ് അപ്പസ്തോലന്മാർക്ക് ലഭിക്കുന്നത്. ലംബാനോ (lambano) എന്ന ഗ്രീക്ക് ക്രിയാപദത്തിന്റെ പൊതുവായ അർഥം. 'കൊടുക്കുക' എന്നാണെങ്കിലും ആത്മീയമായ അർഥത്തിൽ അത് 'ദൈവകൃപയാലുള്ള ദാന' ത്തെയാണ് കുറിക്കുന്നത്. അക്കാരണത്താലാണ് ഈ പ്രേഷിതശുശ്രൂഷകളെല്ലാം ദാനമായിത്തന്നെ മറ്റുള്ളവർക്ക് നൽകണമെന്ന് പറയുന്നത്. പ്രേഷിതശുശ്രൂഷാ യാത്രയിൽ അപ്പസ്തോലന്മാർ ആശ്രയിക്കേണ്ടത് ദൈവകൃപയിലാണ്; ഭൗതിക കരുതലിലും സുരക്ഷയിലും അല്ല. അക്കാരണത്താലാണ് ശിഷ്യർ ഏഴ് കാര്യങ്ങൾ ഒഴിവാക്കണമെന്ന് ഈശോ പറഞ്ഞത്: സ്വർണം, വെള്ളി, ചെമ്പ്, സഞ്ചി, രണ്ടാമത്തെ ഉടുപ്പ്, ചെരുപ്പ്, വടി (10:9-10). പല മൂല്യങ്ങളിലുള്ള നാണയങ്ങൾ കരുതിവയ്ക്കരുത് എന്നത് ഭൗതിക സമ്പത്തിൽ ആശ്രയിക്കരുത് എന്ന സൂചനയാണ്.

www.malankaralibrary.com

## സന്ദേശം

പ്രേഷിതയാത്രകൾ അർഥപൂർണമാകുന്നതും ഫലപ്രദമാകുന്നതും ശുശ്രൂഷകൻ പൂർണമായും ദൈവത്തിൽ ആശ്രയിക്കുമ്പോഴാണ്. ദൈവകൃപ എനിക്ക് ആവശ്യമില്ല; എന്റെ കഴിവുകൊണ്ട് എനിക്ക് എല്ലാം സാധിക്കുമെന്ന സമകാലിക പെലാജിയനിസത്തിന്റെ ഭാവം ശുശ്രൂഷകൻ സ്വീകരിക്കുമ്പോൾ അത് ദൗത്യനിർവഹണത്തിന് ഹാനികരമാണ്. സ്വന്തമായി ഒന്നുമില്ലാതെ സുവിശേഷപ്രഘോഷണത്തിനായി ഇറങ്ങിത്തിരിക്കുന്നവർ തങ്ങൾ പ്രവേശിക്കുന്ന സ്ഥലങ്ങളിലെല്ലാം സമാധാനം ആശംസിക്കുന്നവരും സമാധാനം സ്ഥാപിക്കുന്നവരുമാകണം. വെറുമൊരു വാചിക ആശംസയേക്കാൾ തങ്ങൾക്ക് ആതിഥ്യം നൽകുന്ന ഭവനത്തിലെ അംഗങ്ങൾക്ക് അഭിഷേകം ലഭിക്കാൻതക്കവിധം ഹൃദയംനിറഞ്ഞ ആശംസകൾ നൽകണം. പ്രേഷിതശുശ്രൂഷകൾക്കിടയിൽ തിരസ്കരണങ്ങൾ നേരിടുമ്പോൾ കർത്താവിന്റെ ശുശ്രൂഷകർ ശാപവചസ്സുകളല്ല ഉരുവിടേണ്ടത്. മറിച്ച് ആ പ്രദേശം വിട്ടുപോരുമ്പോൾ പ്രതീകാത്മകമായി തങ്ങളുടെ കാലിലെ പൊടി തട്ടിക്കളഞ്ഞാൽ മതിയാകും. നാം വിധിക്കേണ്ടതില്ല ദൈവം വിധിക്കട്ടെ.

**ഡോ. തോമസ് വടക്കേൽ**

---

# പ്രസംഗം

## അയക്കപ്പെടുന്നവരുടെ ദൗത്യം

സുപ്രസിദ്ധ നേത്രരോഗവിദഗ്ധൻ പത്മശ്രീ മോഡി 1966 മെയ് മാസം തനിക്ക് ദാനമായി ലഭിച്ച രണ്ടു കണ്ണുകൾ ഏതാണ്ട് ജന്മനാ അന്ധനായിരുന്ന ഒരാൾക്ക് വച്ചുകൊടുക്കുകയാണ്. ഓപ്പറേഷൻ വിജയിച്ചു. രോഗി ആത്മസംതൃപ്തിയോടെ പറഞ്ഞു: "അത്ഭുതം, അത്ഭുതം! ദൈവമേ, ഇനി എനിക്ക് ജീവിതത്തിൽ ഒന്നും വേണ്ട. ഈ പ്രകാശം മാത്രം മതി."

ജീവിതത്തിൽ ക്രിസ്തുവിനെ കണ്ടുമുട്ടിയതാണ് ഏറ്റവും വലിയ പ്രകാശം എന്നു തിരിച്ചറിഞ്ഞവരാണ് ശിഷ്യന്മാർ. ആ ശിഷ്യർ തങ്ങൾക്കുകിട്ടിയ പ്രകാശം ലോകമെങ്ങും പ്രകാശിപ്പിക്കാൻ ഒരുങ്ങുന്നതാണ് സുവിശേഷത്തിൽ കാണുന്നത്. അവർക്കുള്ള മാർഗനിർദേശമാണ് യേശു നൽകുന്നത്. നമ്മൾ പരിചയമില്ലാത്ത സ്ഥല

www.malankaralibrary.com

ങ്ങളിൽ പോകുമ്പോൾ അവിടെ മാർഗനിർദേശം നൽകാനായി ഗൈഡുമാർ ഉണ്ടാകും. അവർ നൽകുന്ന നിർദേശമനുസരിച്ചായിരിക്കും നമ്മൾ യാത്ര ചെയ്യാറുള്ളത്. ഇവിടെ ശിഷ്യർ ലോകത്തിൽ പുതിയൊരു പ്രകാശം പരത്താനായി പോകുമ്പോൾ അവർക്ക് യേശു നിർദ്ദേശം നൽകുന്നത് ഇപ്രകാരമാണ്; "പോകുമ്പോൾ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ" (മത്താ 10:7-8). ദൈവത്തിന്റെ രാജ്യത്തെക്കുറിച്ച് പ്രഘോഷിക്കുക. അത് സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രഘോഷണമാണ്. അതിൽ പ്രവേശിക്കാൻ സാധിക്കാതെ മാനസികമായും ശാരീരികമായും ബുദ്ധിമുട്ടുകയും ക്ലേശിക്കുകയും ചെയ്യുന്നവർ ധാരാളമുണ്ട്. അവരെ സുഖപ്പെടുത്തുക എന്നത് ദൈവരാജ്യപ്രഘോഷണത്തിന്റെ ഭാഗമാണ്. പലവിധത്തിൽ മുറിവുകൾ പറ്റിയവരാകാം, സമൂഹത്തിൽ പാർശ്വവല്ക്കരിക്കപ്പെട്ടവരാകാം, ശാരീരിക പ്രതിസന്ധികളിൽപെട്ടവരാകാം. സാമ്പത്തിക പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നവരാകാം. അവിടെയെല്ലാം സൗഖ്യത്തിന്റെ സാമീപ്യമായി തീരാൻ വിളിക്കപ്പെട്ടവരാണ് ദൈവരാജ്യപ്രഘോഷകരായ അപ്പസ്തോലർ. 'Rejoice' എന്ന ഗ്രന്ഥത്തിൽ ബിഷപ് ഫുൾട്ടൻ ജെ. ഷീൻ ഇങ്ങനെ എഴുതി: 'നാം സ്നേഹയോഗ്യരായതുകൊണ്ടൊന്നുമല്ല ദൈവം നമ്മെ സ്നേഹിച്ചത്. നമ്മുടെ അനർഹതയിലേക്കാണു ആ സ്നേഹം കടന്നുവന്നത്. അനർഹമായതിനെ സ്നേഹിക്കുന്നിടത്താണ് യഥാർഥ സ്നേഹം." ശിഷ്യർ നിർവഹിച്ച ദൗത്യവും ഇതുതന്നെയാണ്. സ്നേഹരാഹിത്യം അനുഭവിക്കുന്നിടത്ത് സ്നേഹദീപമായി തീരുകയാണ് ശിഷ്യന്മാർ ചെയ്തത്. ജീവിച്ചിരിക്കുന്നുവെങ്കിലും മരിച്ചവരെപ്പോലെ കഴിയുകയും പലവിധമാനസികവും ശാരീരികവുമായ പീഡനങ്ങൾകൊണ്ട് ജീവിക്കുകയും പ്രതിസന്ധിയിലാവുകയും ചെയ്യുന്നവരെ ദൈവരാജ്യപ്രഘോഷണംകൊണ്ട് സ്വന്തമാക്കാനാണ് യേശു തന്റെ ശിഷ്യരെ സജ്ജരാക്കുന്നത്.

ക്രിസ്തുവിന്റെ സ്നേഹവും ഐക്യവും സ്വീകരിക്കാൻ തന്റെ ശിഷ്യരെ സജ്ജരാക്കുകയും അവർ കടന്നു ചെല്ലുന്നിടത്തെല്ലാം സമാധാനം ആശംസിക്കാൻ നിർദേശിക്കുകയും ചെയ്യുന്നു. പലവിധ പ്രതിസന്ധികളിൽ നീറുന്ന ജനതയ്ക്ക് സമാധാനം നൽകുകയെ

www.malankaralibrary.com

Date of Publication: 13September 2022 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 90)

ന്നതാണ് സുവിശേഷപ്രഘോഷണത്തിന്റെയും പ്രേഷിതപ്രവർത്തനത്തിന്റെയും ദൗത്യം. ഇതിന് നല്ലൊരുമാതൃകയാണ് പരിശുദ്ധ കന്യകാമറിയം. 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്, "മറ്റാരും ജീവിച്ചിട്ടില്ലാത്തതുപോലെ യേശുവിന്റെ സുവിശേഷഭാഗ്യങ്ങൾ ജീവിച്ചവളാണവൾ. പരിശുദ്ധമറിയം വിശുദ്ധരിലെ വിശുദ്ധയാണ്." മറിയത്തിന്റെ പ്രേഷിതപ്രവർത്തന മാതൃകയാണ് നമ്മുടെ വിശ്വാസജീവിതത്തിനും പ്രേഷിതദൗത്യത്തിനും മാതൃക. കാനായിലെ കല്ല്യാണവീട്ടിലെ പ്രതിസന്ധികൾക്കു നടുവിലും യേശുവിന്റെ കാൽവരി യാത്രയിലും കൂടെനിന്ന് പ്രേഷിതദൗത്യം നിറവേറ്റിയവളാണ് പരിശുദ്ധ കന്യകാമറിയം. ശിഷ്യന്മാരുടെ പ്രേഷിതദൗത്യത്തിന് പ്രചോദനമാണ് മറിയത്തിന്റെ സാന്നിധ്യമെങ്കിൽ ഇന്നത്തെ ലോകത്ത് ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും കൈമാറുന്നതിനു പ്രചോദനമാണ് നമുക്ക് മറിയം.

പാപാന്ധകാരം നിറഞ്ഞലോകത്ത് ക്രിസ്തുവിന്റെ പ്രകാശം പരത്തുന്ന പ്രേഷിതരായി നമുക്കുമാറാം. വിശുദ്ധ ചാവറയച്ചനും കൊച്ചുത്രേസ്യായും അൽഫോൻസാമ്മയുമെല്ലാം അവർ ആയിരുന്നകാലത്ത് വിശ്വാസത്തിന്റെ വെളിച്ചം വിതറിക്കൊണ്ട് ക്രിസ്തുവിന്റെ പ്രേഷിതദൗത്യം നിറവേറ്റിയവരാണ്. നമ്മുടെ പ്രവർത്തനമണ്ഡലത്തിൽ വചനത്തിന്റെ വിത്തുകൊണ്ട് മനുഷ്യഹൃദയങ്ങളിൽ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും അരൂപി വളർത്തിയെടുക്കാം. അങ്ങനെ സമാധാനമുള്ള ഒരു സാമൂഹികാന്തരീക്ഷം നമുക്കിടയിൽ രൂപീകരിക്കാൻ സർവശക്തനായ ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

**ഫാ. സുബിൻ കിടങ്ങേൻ**

*Printed & Published by Fr. Jacob Naluparayil, Fr. M.Koottumkal, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi-18*